


2018-19

little KITEs

കൂട്ടുകാരെ.........

നാരങ്ങാമിഠായി നുണയാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.നാരങ്ങാമിഠായിയുടെ മധുരവും പുളിയും ചവർപ്പും കുസൃതിയോടെ നുണയാം.......വരകളും വർണങ്ങളും വാക്കുകളും കൊണ്ട് നാരങ്ങാമിഠായിക്ക് മാധുര്യമേകിയവർക്ക് നന്ദി. എരുമപ്പെട്ടി സർക്കാർ വിദ്യാലയത്തിന്റെ ആദ്യ ഡിജിറ്റൽ മാഗസിൻ സംരംഭത്തിന് ഒപ്പം നിന്നവരെ ഹൃദയപൂർവ്വം സ്‌മരിക്കുന്നു.

പത്രാധിപസമിതി



# അദ്ധ്യാപകരക്ഷാകർതൃസമിതി

2018-19







**സ്കൂൾ വികസനകാര്യസമിതിയും മാതൃസംഘവും**

2018-19

# സാരഥികൾ

2018-19



പ്രധാനാദ്ധ്യാപിക എ എസ് പ്രേംസിയും പ്രിൻസിപ്പാൾ സി എം പൊന്നമ്മയും




# അദ്ധ്യാപക അനദ്ധ്യാപകർ 2018-19



# സ്കൂൾ ചരിത്രം



പോലീസുകാരുടെ താമസത്തിനും കാവൽവിളി സ്ഥലവുമായി ഉപയോഗിച്ചിരുന്ന ടി ഹാളും അനുബന്ധ കെട്ടിടങ്ങളും 1 909 ജനുവരി പത്തൊൻപതാം തിയ്യതി കൊച്ചി ദിവാന്റെ കല്പന പ്രകാരം പോലീസ് സൂപ്രണ്ട് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിന് തിരിച്ച കൊടുത്തു. 1909 ഫെബ്രുവരിയിൽ ( കൊല്ലവർഷം 1084 കുംഭം ഇരുപതാം തിയ്യതി) കൊച്ചി ഗവൺമെന്റ് പ്രൊവർത്തി ഇംഗ്ലീഷ് പ്രൈമറി സ്കൂൾ എന്ന പേരിൽ പ്രസ്തുത കെട്ടിടത്തിൽ നമ്മുടെ സ്കൂൾ ആരംഭിച്ചു. ഇൻഫന്റ് ക്ലാസ്സ് (ശിശു ക്ലാസ്സ്). ഒന്നാം ക്ലാസ്സ്, രണ്ടാം ക്ലാസ്സ് എന്നിവ ഒന്നിച്ചു തുടങ്ങുകയാണ് ഉണ്ടായത്. വടക്കാഞ്ചേരിയിൽ നിന്ന് വന്ന എം.ഐ. ലോനപ്പൻ മാസ്റ്റർ രണ്ടാം ക്ലാസ്സിലും പി.രാമൻ മേനോൻ ഒന്നാം ക്ലാസ്സിലും ശിശു ക്ലാസ്സിൽ സി.സുബ്രഹ്മണ്യ അയ്യരും മാസപ്പടി ശുപ്പകാരനായി മുരിങ്ങത്തേരി വി.കൃഷ്ണയ്യരും നിയമിതനായി.

എം.ഐ.ലോനപ്പൻ മാസ്റ്റർ ആയിരുന്നു ആദ്യ ഹെഡ്മാസ്റ്റർ.1911 ജൂണിൽ പ്രൊവർത്തി ഇംഗ്ലീഷ് പ്രൈമറി സ്കൂൾ ആയിരുന്ന നമ്മുടെ സ്കൂൾ AVP ( Anglo Vernacular Primary) സ്കൂളായി മാറി. ഇംഗ്ലീഷ് സ്കൂളിൽ മലയാളം കുട്ടികളെ കൂടി

ഇരുത്തി പഠിപ്പിക്കുന്ന സ്കൂളാണ് AVP സ്കൂൾ. 1935 ൽ ലോവർ സെക്കണ്ടറി സ്കൂളായി ഉയർന്നു.അന്ന് പി .എസ്.രാമയ്യർ ഹെഡ്മാസ്റ്റർ ആയിരുന്നു.

1946 ൽ ശ്രീ നാരായണയ്യരുടെ നേതൃത്വത്തിൽ നാലാം ഫോറം തുടങ്ങി ഹൈസ്കൂളായി മാറി.1947 ൽ ശ്രീകൃഷ്ണ അയ്യർ ഹെഡ്മാസ്റ്ററായി ആദ്യത്തെ പത്താം ക്ലാസ്സ് ആരംഭിച്ചു.1947 ന മുമ്പ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കടങ്ങോട് , വെള്ളറക്കാട്, എരുമപ്പെട്ടി, നെല്ലുവായ്, മങ്ങാട്, കോട്ടപ്പുറം പ്രദേശത്തെ കുട്ടികൾ വടക്കാഞ്ചേരിയിലേക്കാണ് പോയിരുന്നത്.1962 വരെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകൾ ഒരു ഹെഡ്മാസ്റ്ററുടെ കീഴിലായിരുന്ന പ്രവർത്തിച്ചിരുന്നത്. 1962 മുതൽ പ്രൈമറി വിഭാഗത്തിന് പ്രത്യേകം ഹെഡ്മാസ്റ്റർ നിയമിക്കപ്പെട്ടു.

2000 ജൂണിൽ 2 സയൻസ് ബാച്ചും 1 ഹ്യുമാനിറ്റീസ് ബാച്ചുമായി നമ്മുടെ ഹൈസ്കൂൾ 5 മുതൽ 12 വരെയുള്ള ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളായി ഉയർന്നു.

യോഹന്നാൻ മാസ്റ്ററാണ് ആദ്യത്തെ പ്രിൻസിപ്പാൾ.2009 ജൂണിൽ 5-ാം ക്ലാസ്സിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. 2012-2013 അധ്യയനവർഷത്തിൽ ഒരു കോമേഴ്സ് ബാച്ചും ഹയർസെക്കന്ററി വിഭാഗത്തിൽ അനുവദിക്കപ്പെട്ടു.

എസ്.എസ്.എ., ആർ.എം.എസ്.എ., ജില്ലാ പഞ്ചായത്ത്, ത്രിതല പഞ്ചായത്ത്, എം.എൽ.എ., എം.പി. ഫണ്ടുകൾ രക്ഷാകർത്താക്കളും നാട്ടുകാരും നൽകുന്ന സ്കൂൾ വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും പരിപാലിക്കുകയും ചെയ്തു വരുന്നു. പി.ടി.എ., എസ്.എം.സി., എം.പി.ടി.എ., എസ്.പി.ജി.,എസ് എം ഡി സി എന്നി സ്കൂൾ സഹായകസംഘങ്ങളുടെ പ്രർത്തനങ്ങളും, വിവിധ രാഷ്ട്രീയ സാമൂഹ്യ രംഗത്തെ നേതാക്കളുടെ സഹകരണവും നമ്മുടെ സ്കൂളിന്റെ വളർച്ചയ്ക്ക് സഹായിച്ചുകൊണ്ടിരിക്കുന്നു.എല്ലാവർക്കും നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് ഈ ചരിത്രം സംക്ഷിപ്തമായി ഉപസംഹരിക്കട്ടെ.



# ഓർമ്മച്ചെപ്പ്



എ എസ് പ്രേംസി
പ്രധാനാധ്യാപിക

എന്റെ ഔദ്യോഗിക ജീവിതം തുടങ്ങിയിടത്തു തന്നെ അവസാനിപ്പിക്കാനായിരുന്ന ഈശ്വരനിശ്ചയം. 1990 ഡിസംബർ 22-ാം തീയതി ഈ സരസ്വതീക്ഷേത്രത്തിലേക്ക് പ്രവേശിച്ചപ്പോൾ മനസ്സിലുറപ്പിച്ച അർപ്പണബോധം മാറ്റുരച്ചുകൊണ്ട് ശക്തിയോടെ ഇന്നും മുന്നോട്ടു പോകുന്നു. ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെട്ടി നിറഞ്ഞുനിൽക്കുമ്പോൾ, മനസ്സിന്റെ ഓർമ്മകളിൽ സുവർണ്ണ കാലഘട്ടമായി തീരുന്ന എന്റെ ഔദ്യോഗിക കാലഘട്ടം .

ഒത്തിരിപേർക്ക് വിദ്യാഭ്യാസം നേടാനും മഹാന്മാരാകാനും പേരും പ്രശസ്തിയും ലഭിക്കാനും കാരണമായ ഈ വിദ്യാലയത്തിലെ ഒരു അദ്ധ്യാപികയാകാനും പിന്നീട് ഇവിടത്തെ പ്രധാന അദ്ധ്യാപികയായി ജോലി ചെയ്യാനും സാധിച്ചതിൽ സർവ്വശക്തനായ ഈശ്വരനോട് എന്നെന്നും കടപ്പെട്ടിരിക്കുന്നു. ധാരാളം സഹപ്രവർത്തകരേയും സുഹൃത്തുക്കളേയും ശിഷ്യരേയും ലഭിക്കാനുള്ള ഭാഗ്യം ഈ ഔദ്യോഗിക ജീവിതത്തിൽ നിന്നും നേടാനായി.
സ്കൂളിന്റെ യശസ്സ് വാനോളം ഉയർത്താനായി എന്തെല്ലാം ചെയ്യാനാകുമൊ അതൊക്കെ ചെയ്തു എന്നും ഹൃദയത്തോട് ചേർത്തു പിടിക്കുന്നു.
ഓരോ കുട്ടികളുടെയും നന്മമാത്രം ആഗ്രഹിച്ച് അവർക്ക് കൈത്താങ്ങായി എന്നും കൂടെ നിൽക്കനേ കഴിഞ്ഞിട്ടുള്ളൂ.....

വിദ്യാർഥികൾ,അദ്ധ്യാപകർ, രക്ഷകർത്താക്കൾ ,നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങി എല്ലാവരേയും ഒരേ ശ്രേണിയിൽ നിറുത്തി ഈ വിദ്യാലയത്തെ കേരളത്തിലെ ഏറ്റവും നല്ല മാതൃകാവിദ്യാലയമായി മാറ്റുക.പൊതുവിദ്യാഭ്യാസ സമ്പൂർണ്ണയജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തെ അന്തർദേശീയ വിദ്യാലയമായി ഉയർത്തുന്നതിനായി തീരട്ടെ ഇനിയുള്ള ദിവസങ്ങൾ.

പാഠ്യപാഠ്യേതരവിഷയങ്ങളാൽ കലാകായികമേളകളാൽ ഉന്നതവിജയം കൈവരിക്കാൻ ഇവിടത്തെ വിദ്യാർത്ഥികൾക്ക് എന്നും സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.2019 മാർച്ച് 31-ന് ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങുമ്പോൾ ഒപ്പം സഹകരിച്ചവരോട്,.....സ്നേഹിച്ചവരോട്...
ശിക്ഷണം ലഭിച്ചവരോട്...സ്മരിക്കുന്നവരോട് ....
നന്ദി...നന്ദി...നന്ദി...
ജീവിതം മുങ്ങിത്തകരാതിരിക്കാൻ മറവികൊണ്ടോർമ്മയ്ക്കൊരാവരണം....

## അനുഭവക്കുറിപ്പ്



# ഹക്കീം

വിജയലക്ഷ്മി വി എസ്
സാമൂഹ്യശാസ്ത്രം അദ്ധ്യാപിക

മലപ്പുറം ജില്ലയിലെ അദ്ധ്യാപനകാലത്താണ് ഞാൻ ഹക്കീമിനെ പരിചയപ്പെടുന്നത്. വെളുത്തുതുടുത്ത് സുന്ദരമായ മുഖം. പ്രായത്തിൽ കവിഞ്ഞ വലുപ്പം. അവനെ കണ്ടാൽ ആരും വീണ്ടുമൊന്ന് നോക്കിപ്പോകും. അത്രയ്ക്കും നിഷ്കളങ്കതയാണ് ആ മുഖത്ത്. അതെ. അവനെയും കൂട്ടുകാരെയും, അവരുടെ അരികിലേക്ക് ചെന്നും വിശദമായി പരിചയപ്പെട്ടു. അവരുടെ പരിമിതികൾ മനസ്സിലാക്കി, ഉചിതമായ ഉപദേശങ്ങൾ നല്കി വശത്താക്കിക്കൊണ്ടിരുന്നു. ഞാൻ ക്ലാസ്സിൽ വന്ന് തുടങ്ങിയതിന്റെ അടുത്ത ദിവസങ്ങളിൽ തന്നെ തൊപ്പിയും, ടൗവ്വലും ധരിച്ചിരുന്നവർ കൃത്യമായി വിസ്മയിപ്പിച്ചിട്ടേ ഉള്ളൂ.

2007-08 കാലത്താണെന്നു തോന്നുന്നു, ഞങ്ങൾ ആദ്യം കാണുന്നത്. എട്ട്-ഇ ഡിവിഷനിൽ ആയിരുന്നു അവൻ ഉണ്ടായിരുന്നത്. ഗണിതാദ്ധ്യാപികയുടെ നേതൃത്വത്തിലുള്ള ആ ക്ലാസ്സിന്റെ ലീഡറും അവനായിരുന്നു. ഞാൻ അവരുടെ സാമൂഹ്യശാസ്ത്ര അദ്ധ്യാപികയും മിക്കവാറും ഗണിതം കഴിഞ്ഞുള്ള അടുത്ത പിരീഡുകളായിരുന്നു എന്റേത്. അതുകൊണ്ടു തന്നെ എന്റെ സാമൂഹ്യശാസ്ത്രക്ലാസ്സുകളിൽ അവർ സ്വാതന്ത്ര്യത്തിന്റെ ആനന്ദം അനുഭവിക്കുന്നതായി എനിക്കു തോന്നിയിട്ടുണ്ട്.

അധ്യയനത്തിന്റെ ആദ്യനാളുകളിൽ ക്ലാസ്സിൽ ഉണ്ടായിരുന്ന അച്ചടക്കം ക്രമേണ കുറഞ്ഞു വരുന്നതായി കണ്ടു. ഹോംവർക്കുകളും നോട്ടുപുസ്തകങ്ങളും പരിശോധിക്കുന്ന സമയത്തുണ്ടാകുന്ന പതിഞ്ഞ സംസാരങ്ങൾ ക്രമേണ ഉച്ചത്തിലാകാൻ തുടങ്ങി. ക്ലാസ്സ് ലീഡർ എന്ന നിലയിൽ ഹക്കീമിനോട് ശല്യക്കാരുടെ പേരെഴുതാൻ പലപ്പോഴും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഒരിക്കൽ പോലും അവനതു ചെയ്തില്ല. സംസാരിച്ചവരുടെ പേര് വളരെ പതിഞ്ഞ ശബ്ദത്തിൽ എന്റെ ചെവിയിൽ വന്നു പറഞ്ഞുതരും. ഒരിക്കൽ പേരെഴുതാത്തതിന് ഞാൻ അവനെ ശകാരിച്ചപ്പോഴാണ് മറ്റു കുട്ടികളിൽ നിന്ന് ആ സത്യം ഞാൻ തിരിച്ചറിഞ്ഞത്. അവന് എഴുതാൻ അറിയില്ല. സഹപാഠികൾ അതുപറഞ്ഞ് കളിയാക്കിയപ്പോൾ നിസ്സഹായനായി താഴെക്കു നോക്കി

നിന്നതല്ലാതെ മറുത്തൊന്നും അവൻ പറഞ്ഞില്ല. പാഠപുസ്തകങ്ങൾ നോട്ടുബുക്കിലും ഉത്തര കടലാസുകളിൽ ചോദ്യങ്ങളും പകർത്തി എഴുതി ആ വർഷം കടന്നുപോയി.

അടുത്ത വർഷം ഞങ്ങൾ തമ്മിൽ കണ്ടിട്ടില്ല. അതിനടുത്ത വർഷം ഞാൻ വീണ്ടും അവന്റെ അധ്യാപികയായി. ഒമ്പത് -കെ ഡിവിഷനിൽ രണ്ടാം വർഷക്കാരനായി അവനിരിക്കുന്നു. അവൻ ഒരുപാട് മാറിയതായി എനിക്കു മനസിലായി. കണ്ടാൽ പരിചയഭാവത്തിൽ ചിരിക്കും. എന്തെങ്കിലും ചോദിച്ചാൽ പതിഞ്ഞ ശബ്ദത്തിൽ മറുപടി പറയും. പക്ഷേ എഴുത്തും വായനയും തഥൈവ. ഉത്തരകടലാസുകളും പഴയ പടി.

അടുത്ത അധ്യയനവർഷം അവൻ പത്താം ക്ലാസ്സുകാരനായി. ഞാൻ അവന്റെ ക്ലാസ്സ് ടീച്ചറും. പഠനത്തിൽ തീരെ താത്പര്യമില്ലാത്ത കുറെ ആൺകുട്ടികളും കുറച്ച് പെൺകുട്ടികളുമാണ് ആ ക്ലാസ്സിൽ ഉണ്ടായിരുന്നത്. ചിലർ അങ്ങേയറ്റം വികൃതികളും ആയിരുന്നു. പുകവലിക്കാരനായ ഷിഹാബ് , വോട്ടവകാശം വിനിയോഗിച്ച സെയ്തലവി, കഴുത്തിൽ ടവൽ ചുറ്റി തലയിൽ തൊപ്പി ധരിച്ച് കൃത്യമായി യൂണിഫോം ധരിക്കാത്ത വേറൊരു കൂട്ടർ .
അങ്ങനെ പോകുന്നു അവരുടെ വിശേഷണങ്ങൾ. യൂണിഫോമിന്റെ കാര്യത്തിലോ അച്ചടക്കത്തിന്റെ കാര്യത്തിലോ ഒരിക്കൽ പോലും ഹക്കീം വീഴ്ച വരുത്തിയിട്ടില്ല.

സ്കൂൾ തുറന്ന് ആദ്യ ആഴ്ചകളിൽ അസുഖം മൂലം ഞാൻ ലീവായിരുന്നു. വീട്ടിലിരുന്ന എനിക്ക് ഒട്ടും മനസ്സമാധാനം ഇല്ലായിരുന്നു കാരണം ആവർഷത്തെ പത്ത്-ജെ ഡിവിഷൻ ഈ കുട്ടികളായിരുന്നു. അദ്ധ്യാപകവൃന്ദത്തിന്റെ അഭിപ്രായത്തിൽ 'തെരവ്'.
ഒരിക്കൽ സങ്കടം സഹിക്കവയ്യാതെ ആ ക്ലാസ് ചാർജ് എനിക്കു വെച്ചു നീട്ടിയ സ്രാജുദ്ദീൻ മാഷോട് ഞാൻ ചോദിച്ചു.
"എന്താ മാഷേ നിങ്ങളോട് ഞാൻ ചെയ്തത്? ഈ കുട്ടികളെ തെരഞ്ഞുപിടിച്ച് എനിക്കു തരാൻ".

അതിന് മാഷിന്റെ മറുപടി ഇപ്രകാരമായിരുന്നു. "ടീച്ചറേ, എനിക്കെന്താപ്പോ ങ്ങളോട് വിരോധം ?. ഞാൻ ഒന്നേ കരുതിയുള്ളൂ-ആ കുട്ടികളുടെ മനസ്സിൽ ഒരു ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാൻ നിങ്ങൾക്കു കഴിയും . ങ്ങള് അതു ചെയ്താമതി. ഓലെ പഠിപ്പിച്ച് ബുദ്ധിമുട്ടണ്ടാ".

അങ്ങനെ ഞാൻ ആ വെല്ലുവിളി ഏറ്റെടുത്തു എന്റെ മനസ്സിനെ പാകപ്പെടുത്തി. പരീക്ഷ പാസ്സാകുന്നതിലുപരി നല്ല വ്യക്തികളാകലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും, പരീക്ഷ പാസ്സാകാൻ എന്നാൽ കഴിയുന്ന എല്ലാം ഞാൻ ചെയ്യാമെന്നുമൊക്കെ ആദ്യ ദിവസം തന്നെ ഞാൻ അവരോട് പറഞ്ഞു. ഡ്രൈവിങ്ങ് ലൈസൻസിനും, ഗൾഫിൽ പോകാനുമൊക്കെ പത്താം ക്ലാസ്സ് പാസ്സാകണമെന്നും, C E മാർക്ക് കിട്ടണമെങ്കിൽ പഠിച്ചില്ലെങ്കിലും അന്തസ്സുള്ള പെരുമാറ്റമുണ്ടാകണമെന്നുമൊക്കെ തട്ടിവിട്ടു. ഓരോരുത്തരെയായി അടുത്തു വിളിച്ചും, അവരുടെ അരികിലേക്ക് ചെന്നും വിശദമായി പരിചയപ്പെട്ടു. അവരുടെ പരിമിതികൾ മനസ്സിലാക്കി, ഉചിതമായ ഉപദേശങ്ങൾ നല്കി വശത്താക്കിക്കൊണ്ടിരുന്നു. ഞാൻ ക്ലാസ്സിൽ വന്ന് തുടങ്ങിയതിന്റെ അടുത്ത ദിവസങ്ങളിൽ തന്നെ തൊപ്പിയും, ടൗവ്വലും ധരിച്ചിരുന്നവർ കൃത്യമായി യൂണിഫോമിൽ വരാൻ തുടങ്ങി. അത് എന്നിൽ വലിയ ആത്മവിശ്വാസം ഉളവാക്കി. ഞാൻ നിർലോഭം സ്നേഹവും, കരുതലും നല്കി അവരെ കൂടെ നിർത്തി. എന്നോടൊപ്പം ആ ക്ലാസ്സിൽ പഠിപ്പിച്ചിരുന്ന എല്ലാ അദ്ധ്യാപകരും തന്നെ ആ കുട്ടികളെ മാറ്റിയെടുക്കാൻ അങ്ങേയറ്റം ശ്രമിച്ചവരായിരുന്നു. എന്നിട്ടും ഹക്കീമിൽ കാര്യമായ മാറ്റങ്ങളൊന്നുമുണ്ടാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. എന്നിരുന്നാലും അവൻ തന്നെയായിരുന്നു എന്റെ ക്ലാസ്സ് ലീഡർ.

ആ വർഷത്തെ എസ് എസ് എൽ സി പരീക്ഷയുടെ ഒരുക്കങ്ങൾ ആരംഭിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള സർട്ടിഫിക്കറ്റുകൾ നേടാനുള്ള ശ്രമങ്ങൾ തുടങ്ങി. എന്റെ ഹക്കീം ആ വിഭാഗത്തിൽപ്പെട്ട കുട്ടിയായി പരിഗണിക്കപ്പെട്ടിരുന്ന അത്തരം കുട്ടികൾക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം അവന് ലഭിച്ചിരുന്നു. എസ് എസ് എൽ സി പരീക്ഷയിൽ ഇത്തരം കുട്ടികൾക്കുള്ള ആനുകൂല്യം നേടാനായി അവനും, ഉമ്മയും റിസോഴ്സ് ടീച്ചറും ചേർന്ന് ഡോക്ടറുടെ അടുത്തുപോയി അവന്റെ പഠന പിന്നോക്കാവസ്ഥ ശരിവെച്ചുകൊണ്ടുള്ള കത്തുകൾ ക്ലാസ്സ് ടീച്ചറായ ഞാനും ഹെഡ് മാസ്റ്ററും നല്കിയിരുന്നു. ഉച്ചക്ക് ഏകദേശം 2.30 മണിയോടുകൂടി

അവർ സ്കൂളിൽ മടങ്ങിയെത്തി. സ്കൂളിൽ എത്തിയതും ഉമ്മ അവനെ വലിച്ച് എന്റെ മുന്നിൽ കൊണ്ടുനിർത്തി തലങ്ങും വിലങ്ങും തല്ലാൻ തുടങ്ങി. റിസോഴ്സ് ടീച്ചറും അവനെ ശകാരിക്കുന്നുണ്ടായിരുന്നു. കാര്യമന്വേഷിച്ചപ്പോൾ, മൂവായിരത്തി ചില്ല്വാനം രൂപ കിട്ടിയിരുന്നത് അവൻ ഇല്ലാതാക്കിയെന്നും പരീക്ഷയിൽ തോറ്റുപോകുമെന്നൊക്കെ പറഞ്ഞ് അവന്റെ ഉമ്മ കരയാൻ തുടങ്ങി. ഹക്കീമാകട്ടെ അടികൊണ്ട് ചുണ്ട് പൊട്ടി ചോരയൊലിച്ച് വിഷമിച്ചും. അവനെ ഞാൻ ആശ്വസിപ്പിച്ച് ക്ലാസ്സിലേക്കയച്ചു. അവനു പുറകെ ഞാനും ക്ലാസ്സിലേക്ക് നടന്നു. ഹക്കീമിന്റെ അരികിൽ വിളിച്ച് എന്താണ് നടന്നതെന്ന് അന്വേഷിച്ചു. അവൻ പറഞ്ഞു

"മഞ്ചേരീലെ ഡോക്ടർ എന്നെ കുറെ ഫ്രൂട്ട്സ് കാണിച്ച് പേര് പറയാൻ പറഞ്ഞു. പിന്നെ നിറങ്ങളുടെ പേര് ചോദിച്ചു. ഗോലി നിരത്തിവെച്ച് എണ്ണാനും, കൂട്ടിപ്പറയാനും പറഞ്ഞു. ഞാൻ അതിന്റെ ഉത്തരം തെറ്റാതെപ്പറഞ്ഞു. അതിനാണ് ഉമ്മ എന്നെ ഇത്രയും തച്ചത്. വേറൊന്നും ഞാൻ കാട്ടീട്ടില്ല്യ സാറേ" അവൻ കരയാൻ തുടങ്ങി. സുന്ദരമായ അവന്റെ മുഖം ചുവന്നു തുടുത്തു. എന്തു പറയണമെന്നറിയാതെ ഞാൻ സ്തബ്ധയായി.

തെല്ല് കഴിഞ്ഞ് ഞാൻ അവനോട് പറഞ്ഞു.

"ഒരു വഴീണ്ട്. ഒറ്റ വഴി ഞാൻ പറയുന്നത് നീ അനുസരിക്കണം . പത്താം ക്ലാസ്സ് പാസ്സായിട്ട് നിനക്ക് ഗൾഫിൽ പോകണ്ടേ ? എന്തായാലും ഇനി മാർക്കിന്റെ ആനുകൂല്യം കിട്ടില്ല. ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ നീ പാസ്സാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. അതിനുള്ള ശ്രമങ്ങൾ നമുക്ക് ഇപ്പോൾ മുതൽ തുടങ്ങാം".

"സാർ എന്തു പറഞ്ഞാലും ഞാൻ ചെയ്യാം. എനിക്ക് ജയിക്കണം". അവൻ പറഞ്ഞു. ഞങ്ങൾ ശ്രമം തുടങ്ങി. ഒരു ദിവസം ഞാൻ അവനോട് പറഞ്ഞു.. "അടുത്ത തിങ്കളാഴ്ച നീ എനിക്ക് നമ്മുടെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ ഒരു ഖണ്ഡിക ക്ലാസ്സിൽ വെച്ച് വായിച്ചു കേൾപ്പിക്കണം, അതു ചെയ്യാൻ സാധിച്ചാൽ നീ പാസ്സാകും. ഹിന്ദിയും ഇംഗ്ലീഷുമൊക്കെ പഠിക്കാൻ നിന്നെ ഞാൻ സഹായിക്കാം".

ഇത്രയൊക്കെ പറഞ്ഞെങ്കിലും അക്ഷരമറിയാത്ത ഇവൻ എങ്ങനെ വായിച്ചുകേൾപ്പിക്കുമെന്ന ചിന്ത,

എന്നെ വല്ലാതെ അലട്ടിയിരുന്നു.

എന്നാൽ എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് തിങ്കളാഴ്ച, ഹക്കീം എന്റെ മേശയുടെ അരികിൽ നിന്ന് എല്ലാവരും കേൾക്കേ ഉറച്ച സ്വരത്തിൽ ഞാൻ കാണിച്ചുകൊടുത്ത പാഠഭാഗം വായിച്ചു. കുട്ടികളെല്ലാം സന്തോഷം കൊണ്ട് കൈയ്യടിച്ചു. ആദ്യമായിട്ടാണത്രെ അവരും അവന്റെ ശബ്ദം ഇത്ര ഉറക്കെ കേൾക്കുന്നത്. എന്തായാലും എസ് എസ് എൽ സി മോഡൽ പരീക്ഷയിൽ 80 ൽ 25 മാർക്കു നേടി സാമൂഹ്യശാസ്ത്രത്തിൽ അവൻ പാസ്സായി. അവൻ പൊതു പരീക്ഷ എഴുതുന്നതുകാണാൻ ഞാൻ അവിടെ ഉണ്ടായിരുന്നില്ല. അപ്പോഴേക്കും എനിക്ക് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം കിട്ടിയിരുന്നു. 2011 ഫെബ്രുവരി 21 തിങ്കളാഴ്ച , എന്നെ സ്കൂളിൽ നിന്ന് വിടുതൽ ചെയ്തു . പോരുന്നതിന് മുൻപ് സ്കൂളിലെ സ്റ്റോറിൽ നിന്ന് ഒരു പാക്കറ്റ് 'ലക്കി' പേനയും വാങ്ങി ക്ളാസ്സിലേക്ക് യാത്ര പറയാൻ ചെന്നു. കുട്ടികളെല്ലാം വലിയ സങ്കടത്തിലായിരുന്നു. പേന ഹക്കീമിനെ ഏല്പിച്ച് ഞാൻ പറഞ്ഞു.

" ഈ പേന കൊണ്ടു വേണം നീ പരീക്ഷ എഴുതാൻ . ഉറപ്പായും നീ പാസ്സാകും".

അതിൽ നിന്ന് ആറു പേന അവനെടുത്തു. ബാക്കി എന്റെ നേരെ നീട്ടിക്കൊണ്ട് അവൻ പറഞ്ഞു "ഇതുമതിസാറെ എനിക്ക്. എന്തായാലും ഞാൻ ജയിക്കും" .

ഹക്കീം എനിക്കു തന്ന വാക്കു പാലിച്ചു. അവൻ പാസ്സായി. എന്നെ സംബന്ധിച്ച് ഇന്നും അവൻ ഒരു പ്രഹേളികയാണ്. യഥാർത്ഥത്തിൽ അവനാണോ, ഉമ്മയ്ക്കാണോ, അതോ അവനെ പഠിപ്പിച്ച ഞാനടക്കമുള്ള അദ്ധ്യാപകർക്കാണോ പ്രത്യേക പരിഗണന നല്കേണ്ടിയിരുന്നത് ?.

# കായികം

Adithyan p.s
Khelo India Kerala football team member

Irfan Hassan

- Second prize in Kerala State school wrestling championship at Thiruvananthapuram
- Second prize in state judo championship
- Third prize in wrestling state championship

Athul
Third prize in Taikondo Kerala State

Akshay Kumar
Third prize in junior state wrestling championship

Anas .V A

- Third prize in national football championship at Rajasthan
- Member of Kerala State school football team

Muhammad Ashik

- Third prize in national football championship at Jammu& Kashmir
- Member of Kerala State school football team
- Selected for Indian football camp.

Jamsheela T J

- Third prize in khelo India in national competition held at Gujarat
- First prize in 1000m in youth national held at Hyderabad
- Second prize 400m youth state held at Thiruvananthapuram
- First prize in South zone national at Thiruvanathapuram
- First prize in 400m state school meet at pala , Kottayam.



# പേമാരി പെയ്യുന്നിതാ....

മാനം കറുക്കുന്ന നേരം തൊട്ടേ
ആകാശത്തേക്ക് നോക്കി നിൽപ്പൂ
മാനം കരയുന്നതെന്ന പോലെ
പേമാരി കുത്തി ചൊരിയുന്നിതാ
മഴയത്ത് കളിക്കാൻ എന്ത് രസം
മഴ വന്ന് ചേർന്നാൽ കുടയെടുക്കാം
എല്ലാവർക്കും സന്തോഷമിതാ
തവളകൾ ദൈവത്തോട് കരയുന്നിതാ
പേമാരി വന്നപ്പോൾ സ്തുതിക്കുന്നിതാ
പക്ഷികൾ പാടി തുടങ്ങുന്നിതാ
മഴവില്ല് വാനിൽ വിരിയുന്നിതാ
നിങ്ങൾ കാണുന്നോ കൂട്ടുകാരേ
മനസ്സിൽ  കുളിർ ഉകുന്നുണ്ടേ
പെയ്യട്ടെ പേമാരി പെയ്തിറങ്ങട്ടേ...

ഷഹനാസ് പി എസ്

# ഓർമ്മകിരണങ്ങൾ



ഇന്നുമാ സായാഹ്ന സൂര്യൻ തൻ

നേർത്തൊരാ കിരണങ്ങളിൽ

കാണുന്നുണ്ട ഞാൻ നിൻ മുഖമിന്നുമെൻ

ഓർമ്മകളിൽ മായാസായാഹ്നമായ്

കിടപ്പതുണ്ടിന്നു നീയിങ്ങനെയിന്നു-

മെൻ ഓർമ്മയിലെവിടേയോ

വേരറുത്തു പോയൊരാ കാലം

സ്മരിക്കവേയിന്നു ഞാൻ മെഴുതിരി-

യുരുകുന്ന പോലെയെൻ ജീവിതം

ഉരുകിയൊലിപ്പതുണ്ടിന്നുമിങ്ങനെ

മങ്ങിച്ചൊരോർമയല്ല മങ്ങിത്തുടങ്ങിയൊ-

രോർമയല്ല ഇന്നും തെളിഞ്ഞു നിൽപ്പൂ

നിൻ മധുരോർമ്മകൾ , ആദ്യമായ്

തമ്മിൽ കണ്ടൊരാ നാൾ മുതലെന്നിൽ

പൂത്തുനിന്നൊരാ നീലാംബരി

ജീവന്റെ ജിവനായ് കണ്ടൊരാ നാളെന്നി-

ലിന്നും മായാത്തൊരാനന്ദമായ് കിടപ്പൂ

പച്ചപിടിച്ചൊരാ പുൽതകിടിയിൽ പുത്തനാം

ജീവന്റെ തുടിപ്പുകൾ മന്ത്രിച്ചതും

ഇന്നുമീ വീടിന്നുമ്മറക്കോണിൽ

നിന്നെക്കുറിച്ചുള്ളോർമകളയവിറ-

ക്കുമ്പോഴുമെൻ കണ്ണിൽ നിന്നുമൊഴുകും

ചുടുകണ്ണീർ ഞാൻ പോലുമറിയാ

തെന്നെ നോക്കി മന്ത്രിക്കുന്നതും

അകലെനിന്നെക്കാണുമ്പോഴെൻ

നെഞ്ചിടിപ്പു കൂടിയതും അടുത്തെത്തിയ

പ്പോഴേക്കും ദേഹം തളർന്നതും തണുത്തു

വിറച്ചൊരെൻ വിരലിൻ തുമ്പാലെ നിന്റെ

ഹൃദയത്തിൽ ഞാൻ കുറിച്ചിട്ടൊരെൻപേരും

അങ്ങനെ യെത്രയെത്ര ഓർമകളിന്നും

മായാതെ കിടപ്പതുണ്ടെന്നു നിന

ക്കറിയാമോ ? നിന്നോർമകൾ കൂട്ടിച്ചേർ-

ത്തൊരെൻ ജീവകാവ്യമൊന്നെഴുതാൻ

കാത്തുവെച്ചതെല്ലാമന്നൊരാ സായാഹ്ന

സൂര്യന്റെ മുന്നിലായ് നീ തന്ന വാക്കിൽ

" നീയെന്നുമെന്റെ ഞാനെന്നും നിന്റെ "

ഇന്നും നിനക്കായ് ജീവിക്കുന്നൊരീ-

പാവം പെണ്ണിനെയോർക്കാനായ്

അറിയില്ല ഞാനെന്തു തരേണ്ടു നിനക്കായ്

ഏറ്റവുമൊടുവിൽ ഒരോർമ മാത്രമായിന്നും

നീയെന്നിൽ നിന്നെത്രയോയെത്രയോ

അകലെയായ്. . . . . . . . . . .

നിന്നെയെന്നിൽ നിന്നും തട്ടിയെ-

ടുത്തൊരാ രംഗബോധമില്ലാകോ-

മാളിയെ 'മരണ' മെന്നു തന്നെ വി-

ശേഷിപ്പിച്ചീടട്ടെ ഞാൻ.....

നീയില്ലാത്തൊരീ ലോകമിന്നുമെൻ

*ജീവനു ജീവപര്യന്തമോ*

*നീയില്ലാത്തൊരീയിടത്തു വസിക്കു-*

*മെൻ ഹൃദയ വേദന ആരോരുമറി-*

*യാതെ കൊണ്ടു നടക്കുന്നുണ്ടു ഞാൻ*

*നിന്നന്ത്യയാഥാർത്ഥ്യലൂണ്ടു പോയൊ-*

*രെൻ ജീവിത സത്യമിന്നുമാ നാലുചുമ-*

*രുകൾക്കേയറിയാവൂ മറ്റാർക്കുമറിയീല*

*ഇന്നും നിന്നെക്കുറിച്ചുള്ളൊരെന്നോ-*

*ർമ്മകളിൽ ഉരുകി നീറുന്നൊരാ വേദന*

*തൻ തീക്ഷ്ണച്ചൂടിൽ ഒരു നാൾ ഞാനും*

*വരും നിന്നടുക്കൽ അന്നെന്നെ*

*സ്വന്തമാക്കുമാ മരണത്തിൻ തീയിൽ*

*നാം കണ്ട സ്വപ്നത്തെ ഭൂമിയിലെരി-*

*ച്ചിട്ടേ പോകൂ ഹൃദയമല്ല നീയെനി-*

*ക്കെൻ ഹൃദയമിടിപ്പു തന്നെയായിരു*

*ന്നെൻ പ്രാണനേ. . . . . . .*

*കൊല്ലമെത്രക്കഴിഞ്ഞാലും നീയാണിന്നുമെൻ*

*ജീവൻ നീയില്ലാതാരുണ്ടെൻ തുണയായ്*

*ഓർമ്മതൻ പുസ്തകത്താളിൽ  നിനക്കായ്*

*കാത്തുവെയ്ക്കുമൊരേടിൽ ഇനി വരും*

*ജന്മത്തിൽ ഒന്നിക്കാം എന്നു തന്നെ*

*ഞാൻ കുറിച്ചിടട്ടേ. . . . . . . .*



***Anaswara V V***
***XII D***

# ഹൃദയനൊമ്പരം

ഹൃദയം നിറയും നൊമ്പരമെന്നിൽ...
ദുഃഖത്താൽ മാത്രമായ് എന്നെ തലോടി...
തളരാതെ...തളരാതെ...തളരാതെ ഞാൻ,
സന്തോഷപൂർവ്വം ഞാൻ അതിനെ
വരവേൽക്കയായ്...
ഹൃദയനൊമ്പരമെന്നിൽ....
ഹൃദയവേദനയിൽ മുങ്ങുന്ന ഞാൻ
എങ്കിലും ഞാൻ തളരാതെ... തളരാതെ...
മുന്നോട്ടുയർന്നു,ഹൃദയത്തെ കനലാക്കയായ്
സുഹൃത്തിൻ ശബ്ദം ശ്രവിക്കാതെ...
അദ്ധ്യാപകൻ തൻ മുഖം ദർശിക്കാതെ..
കഴിഞ്ഞുപോയ്... കൊഴിഞ്ഞുപോയ്...
കടന്നുപോയ്... ആ കാലം, പക്ഷെ
തീരാതെ... തോരാതെ ഇന്നും മനസ്സിലായ്
കനലായ് കത്തിജ്വലിക്കയായ്,ദുഃഖമേ...
തേടുന്നു...തേടുന്നു...തേടുന്നു ഞാൻ,
സന്തോഷപൂർണ്ണമാമൊരു
ജീവിതത്തിനായ്...



ഫർസാന.സി.ജെ

# LITTLE ACTS OF KINDNESS



***"Wherever there is a human being there is a chance for kindness." - Seneca***

**All** of us have heard of great names like Mother Teresa, Florence Nightingale, Eva Peron, Princess Diana etc. Those were great personalities whose names are carved in the annals of history by their acts of kindness, by an infinite wealth of love and care they showed the common man. So, how do **we** relate to them?? We may live all our lives and never attain the fame that they enjoy. We may never achieve the so-called 'big breaks' in life. Nevertheless, we have to believe that life is made meaningful by little things too, little deeds of care, little words of love.

It is our day-to-day interaction with people that most determine the quality of our lives. A kind and loving environment in the home, a supportive and courteous atmosphere in the workplace and an open and accepting attitude in the world at large are vital ingredients for our well-being.

Little acts of kindness are powerful and transformative. They are the right choice, the only choice – if we are to live in a nurturing, loving and peaceful world. No one is too big or too busy to practice courtesy and acts of kindness. It may be preparing at least one meal for a sick friend or it can be something as simple as a warm smile or a thank you. It is a small investment, but the pay-offs are big. And it can really bring people close to one another.

It is easy to be kind to people you love and admire. But, standing within a certain limit, we should also reach out to others with kindness – give up your seat for an elderly or disabled, or walk an extra block to show a stranger the way.

These acts of kindness should never be forgotten by the receiving end. Neither should they be taken for granted. At the close of day, just before sleep, it is good to reflect on the kindness received during the previous twenty-four hours. These memories will gladden our spirit and serve as models for our own kindness tomorrow.

Last but not the least, kindness is the best medicine for stress. Whether we are the giver or the receiver, the effect is much the same. An exchange of kindness restores our faith in humanity and ourselves, especially in this hectic and harsh world. It serves to remind us of the values we cherish most.

Let us always look out for an opportunity to bring forth the goodness that is surely there inside our hearts. Let us pray that not a day goes by without being able to say, "I have made one human being at least a little wiser, or a little happier, or at least a little better today."

Quoting the lines of the poem **'Little Things'** by Julia Fletcher…..

'Little deeds of kindness
Little words of love,
Make our earth an Eden
Like the heaven above.'

**Shareena Mohamed**
HST English
GHSS Erumapetty

# പ്രകൃതിയമ്മ

കാലം മായ്ക്കാത്ത പൂന്തളിർച്ചെണ്ടുകൾ
വാടുന്നുവിന്നീ കലിയുഗത്തിൽ
പൊഴിഞ്ഞു വീണിടുമോരോ ഇതളിനും
മാനവവംശത്തിൻ ജീവനുണ്ട്
കാത്തിരിക്കുന്നൊരു നല്ല നാളേക്കായി
ഇന്നത്തെയോരോ കുരുന്നുകളും
കാണുന്നതില്ലാരും ആ  കൊച്ചു ഹൃത്തിന്റെ
വേവലാതിക്കുള്ള പോംവഴികൾ
നീട്ടുന്നുയെൻ നേർക്കാത്തുമ്പുകളിന്നാരോ
കരുണതൻ ളുലികത്തുമ്പുകളായ്
വേദനയില്ലാത്തൊരാ നല്ല നാളേയ്ക്ക്
പ്രകൃതിയാമമ്മക്ക് ജീവൻ വേണം
കളയെല്ലെയിങ്ങനെ ക്രൂരകൃത്യങ്ങളാൽ,
കുഞ്ഞുങ്ങൾക്കമ്മയെ വേണമല്ലോ.......
പൊഴിഞ്ഞു പോകുന്ന ജീവിതത്താളുകൾ
മെല്ലെ പിറകോട്ടു നീക്കിയാലും
അമ്മതൻ വാത്സല്യം കൊടുത്തിടും
ക്രൂരകൃത്യങ്ങൾ ചെയ്തിടല്ലേ
പൊഴിഞ്ഞിടല്ലേ... വാടി വീണിടല്ലേ.....
നാളെയെൻ തലമുറ നശിച്ചീടല്ലേ.....
പ്രകൃതിയെനാമിന്ന് അമ്മയായ് കാണുക
അമ്മയെ കാത്തു നില നിർത്തുക.



ഗോപിക വാസുദേവൻ.എം

IX.C

# അസ്തമയം

ഡോളി സി മാത്യൂസ്

ബയോളജി അദ്ധ്യാപിക



കാർമേഘങ്ങൾ ഉരുണ്ടു കൂടിയിരിക്കുന്നു.

മഴയ്ക്കുള്ള സാധ്യത ഉണ്ട്. നടത്തത്തിന്റെ വേഗത കൂട്ടി. പണ്ടത്തെ പോലെ നടക്കാൻ കഴിയുന്നില്ല. മനസ്സിനേക്കാൾ വേഗത്തിൽ കൈകാലുകൾ ചലിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, പണ്ട് . ഇന്ന് ,വയ്യ. ഈ നടത്തം തന്നെ അനുവദിച്ചിട്ടുള്ളതല്ല.പിന്നെ ഓർമ്മകൾ മണക്കുന്ന ഈ പാടവരമ്പിലൂടെ നടക്കാനുള്ള കൊതി കൊണ്ട് ചെയ്യുന്നുവെന്ന് മാത്രം.

പാടവരമ്പിനോട് ചേർന്ന തോട്ടിൽ പരൽമീനുകൾ തുള്ളിക്കളിക്കുന്നു. എന്തൊരു രസമാണീക്കാഴ്ച. നടന്നു നീങ്ങാൻ തോന്നുന്നില്ല. ചില്ലുകൂട്ടിൽ തുള്ളിക്കളിക്കുന്ന ഗോൾഡൻ ഫിഷുകളെ കാണുന്ന കുട്ടികൾക്ക് ഇന്നിതൊരു കാഴ്ചയേയല്ല. സ്കൂളിൽ പോകുമ്പോൾ കുട നിവർത്തി മീൻ പിടിക്കാൻ ശ്രമിച്ച് എത്രയോ തവണ ഇവിടെ കാൽവഴുതി വീണിരിക്കുന്നു....... നനഞ്ഞു കുളിച്ച് ക്ലാസ്സിലെത്തുമ്പോൾ അടി ഉറപ്പാണ്.ഏറ്റവും അധികം അടി കിട്ടിയിരുന്നത് സൈമൺ മാഷിൽ നിന്നാണ് മുറുക്കി ചുവപ്പിച്ച വായുമായി മേശപ്പുറത്തേക്ക് കാലും വെച്ച് കസേരയിൽ ചാരി ഒരിരുപ്പാണ്. മാഷിന്റെ വായ് കഴുകാനുള്ള വെള്ളം നേരത്തെത്തന്നെ ലീഡർ കൊണ്ട് വന്ന് വെച്ചിരിക്കണം. സാമൂഹ്യമാണ് മാഷ് എടുത്തിരുന്നത് ക്ലാസ്സിൽ വന്നാൽ മാഷ് പറയും "ബാബൂ, ഇന്നലെ വായിച്ചുനിർത്തിയതിനു ശേഷമുള്ള ഭാഗമൊന്നും വായിച്ചേ". ബെല്ലടിക്കുന്നതുവരെ പിന്നെ വായനയാണ്.വായിച്ചു തീർന്നതുവരെ എടുത്തു തീർന്നുവെന്ന് വേണം കരുതാൻ.ക്ലാസ്സ് എടുക്കാൻ മടിയാണെങ്കിലും അടിയുടെ കാര്യത്തിൽ ഒരു പിശുക്കും കാട്ടിയിരുന്നില്ല. പെൺകുട്ടികളായാലും ആൺകുട്ടികളായാലും തിരിച്ചുനിർത്തി പുറകിൽ ചൂരൽ കൊണ്ടുള്ള പ്രയോഗമുണ്ട്.ആ വേദന മാറികിട്ടാൻ ദിവസങ്ങളെടുക്കും .

ചുറ്റും ഇരുട്ട് പരന്നു തുടങ്ങിയിരിക്കുന്നു.ഓരോന്നോർത്തുനിന്ന് സമയം പോയതറിഞ്ഞില്ല. പതിയെ നടക്കാം.മഴ ചാറിത്തുടങ്ങുന്നു.

കുട നിവർത്തിയില്ല.നിവർത്തിയാൽ ഇതിലും പതുക്കെയേ നടക്കാൻ കഴിയൂ.

മെല്ലെ ഉമ്മറത്തേയ്ക്കു കയറി. “Grandpa,why are you so late today?”കൊച്ചുമകനാണ് ഗൾഫിൽ വളർന്ന അവന് മലയാളം പറയാൻ ബുദ്ധിമുട്ടാണ്.അവന്റെ അച്ഛനും അമ്മയ്ക്കുമാണെങ്കിൽ അവൻ മലയാളം പഠിക്കരുതെന്ന വാശിയുമുണ്ട്. ഒന്നു പറഞ്ഞില്ല.എന്റെ കാരണങ്ങൾ അവന് പിടികിട്ടി കൊള്ളണമെന്നില്ല.

അകത്തെ മുറിയിലേക്ക് നടന്നു.ചാരുകസേരയിൽ അൽപമൊന്നു വിശ്രമിക്കണം.ഉമ്മറത്തായിരുന്നു ആദ്യം ഇത് കിടന്നിരുന്നത്. പിന്നീട് വീട് പുതുക്കി പണിതപ്പോൾ ഇതിന്റെ സ്ഥാനം അകത്തെ മുറിയിലേക്കു മാറ്റി.
എന്റെ സ്ഥാനവും .

" ചായ എടുത്തുവെച്ചിട്ടുണ്ട്.ഇനിയും വൈകിയാൽ ചൂടാറും"-ഇളയ മരുമകളാണ് ആ വാക്കുകളിൽ നിറയെ രോഷമാണ്. അച്ഛനെ നോക്കാനിവിടെ നിൽക്കേണ്ടി വന്ന രോഷം .മക്കൾ വലുതായതിനുശേഷം ഞാനും ജാനുവും ഒറ്റയ്ക്കായിരുന്നു താമസം അവളെന്നും പരിഭവത്തോടെ പറയുമായിരുന്നു.

"നാലു മക്കളെ പെറ്റു വളർത്തീതാ; വയസ്സായപ്പോ ഒറ്റക്കായി "....ദിവസത്തിൽ ആറേഴ് പ്രാവശ്യമെങ്കിലും ഇതുതന്നെ പറയും. ഞാനെത്ര ആശ്വസിപ്പിക്കാൻ ശ്രമിച്ചാലും.

തണുത്ത ചായ ഒരു കവിൾ കുടിച്ചെന്ന് വരുത്തി.പഴയ ഓർമ്മകളിൽ അലിഞ്ഞ് കണ്ണടച്ചു കിടന്നു.

സ്വീകരണമുറിയിലെ ടി.വി യിൽ സീരിയലുകളുടെ ജൈത്രയാത്ര ആരംഭിച്ചിരിക്കുന്നു.ഇനി പത്തര വരെ ഈ ബഹളം സഹിക്കണം. വേദങ്ങൾ ഉരുക്കഴിക്കുന്ന സമയമാണ്.സന്ധ്യാസമയമെന്ന് അമ്മ എപ്പോഴും പറയുമായിരുന്നു. എത്ര തിരക്കുണ്ടെങ്കിലും ആ സമയം നാമം ജപിക്കാതെ സമ്മതിക്കില്ല.ഇന്ന് നാമം ജപിക്കാനൊക്കെ ആർക്കറിയാം ? അതൊന്നും ഇല്ലെങ്കിലും സാരംല്ല്യ,ഈ ബഹളൊക്കെ നിർത്തി ശാന്തമായൊരു അന്തരീക്ഷമെങ്കിലും സൃഷ്ടിച്ചൂടേ. ആരോട് പറയാനാണ് ?

ഫോൺ നിർത്താതെ ബെല്ലടിക്കുന്നുണ്ട്. അമേരിക്കായിൽ നിന്ന് ജ്യോതിയായിരിക്കും. അവൾ വിളിക്കുന്ന സമയമാണിത്.

"അച്ഛാ,ജ്യോതിയാണ്" മരുമകൾ വിളിച്ചു പറയുന്നുണ്ട്,.

എനിയ്ക്ക് വേണ്ട,നല്ല സുഖമില്ല

മരുമകളോടായി പറഞ്ഞു. അവൾ എന്തൊക്കെയോ ഫോണിൽ പറയുന്നുണ്ട്.

ഫോൺ എടുക്കാത്തത് മറ്റൊന്നും കൊണ്ടല്ല.ആവർത്തന വിരസങ്ങളായ ചോദ്യങ്ങൾ

'അച്ഛാ സുഖമല്ലേ'

'മരുന്ന് കഴിക്കുന്നില്ലേ'?

'പുറത്തേയ്ക്കൊന്നും നടക്കേണ്ട'

' ആഹാരം കൃത്യമായി കഴിക്കണേ'

എന്നും ഒരേ ഉത്തരങ്ങൾ. വയ്യ.

റീസീവർ ശക്തിയോടെ വെക്കുന്ന ശബ്ദം കേട്ടു. ഇതൊക്കെ പതുക്കെ ചെയ്താലെന്താ? എന്തൊരു ബഹളമാണ് ഈ വീട്ടിൽ എനിക്കാണെങ്കിൽ ശബ്ദം കേൾക്കുന്നതുതന്നെ അലർജിയായിരിക്കുന്നു. പൂരവും വെടിക്കെട്ടുമൊക്കെ ഒരു ഭ്രാന്തുപോലെ കൊണ്ടു നടന്നിരുന്ന ഒരു കാലത്ത്.....

ഇന്ന് വയസ്സായിരിക്കുന്നു, ചിന്തകൾക്കുപോലും

പുരാണങ്ങളിലെല്ലാം ജീവിതസായാഹ്നത്തിൽ ഭാര്യാസമേതനായി...

വാനപ്രസ്ഥത്തിനൊരുങ്ങുന്ന രാജാക്കൻമാരെക്കുറിച്ച പറയുന്നത്. എല്ലാം ഉപേക്ഷിച്ച് പ്രകൃതിയിലൂടെ ഈശ്വനെ അന്വേഷിച്ചുള്ള യാത്ര.നല്ല രസമായിരിക്കും.പക്ഷേ ജാനു എവിടെ? അവൾ എന്നെ വിട്ട് ആദ്യമേ പോയില്ലേ? ഇനി എന്ത് വാനപ്രസ്ഥം? ദൈവങ്ങളോടുപോലും ആ സമയത്ത് ദേഷ്യം തോന്നി.

ചുമരിലെ സ്റ്റാൻഡിൽ വെച്ചിരിക്കുന്ന കൃഷ്ണവിഗ്രഹത്തിലേയ്ക്ക് ദേഷ്യത്തോടെ ഒന്നു നോക്കി. എന്തിനാ ജാനുനെ മാത്രം കൊണ്ടുപോയതെന്ന പരിഭവം ആ നോട്ടത്തിൽ ഉണ്ടായിരുന്നു.

പക്ഷേ,കണ്ണൻ ചിരിക്കുകയാണ്.എന്റെ ദേഷ്യവും പരിഭവവുമൊന്നും മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു.കണ്ണൻ എന്തോ പറയുന്നുണ്ടല്ലോ. പരിഭവങ്ങൾ കേട്ട് മടുത്തുവെന്നാണോ..?

കണ്ണൻ വീണ്ടും ചിരിക്കുകയാണ്.എന്റെ നേരെ സ്നേഹത്തോടെ കൈകൾ നീട്ടുകയാണ് ഞാനും ചിരിച്ചുപോയി കുറെനാളുകൾക്കുശേഷം ഇത്രയും മനസ്സു തുറന്ന് ചിരിക്കുന്നത് ഇപ്പോഴാണ്.

# യാത്രാ വിവരണം



ഞാൻ ടൂർപോയി. അത് മലമ്പുഴയിലേക്ക് ആയിരുന്നു. രാവിലെ 7 മണിക്ക് പോയി ട്രാവലറിലാണ് പോയത് ഞാനും എന്റെ വീട്ടുകാരും അയൽവാസികളും ഉണ്ടായിരുന്നു.അവിടെ എത്തിയാപ്പോൾ 9 മണിയായി.അവിടെ കളിക്കാനും കയറാനുമുള്ള സ്ഥലങ്ങൾ ഉണ്ടായിരുന്നു.

ബോട്ട് സവാരി നല്ല രസമായിരുന്നു. തൂക്കുപാലത്തിന്റെ മുകളിൽ കയറി വടന്നപ്പോൾ ശരീരത്തിലാകെ ഒരു വിറയലായിരുന്നു.,പാർക്കിൽ കുറെ കളിക്കോപ്പുകളിൽ കയറി കളിച്ചപ്പോൾ വലിയ സന്തോഷമായി. ഭക്ഷണം കൊണ്ട് പോയിട്ടുണ്ടായിരുന്നു.അത് കഴിച്ച് അവിടെയെല്ലാം നടന്ന് ഐസ്ക്രീം വാങ്ങിതിന്നു കുറെ ഫോട്ടോകളും എടുത്തു.വണ്ടിയിൽ വച്ച് കുറെ കാഴ്ചകൾ കണ്ടു.മലമ്പുഴയിൽനിന്ന് പോരുന്ന വഴിക്ക് ഒരു അമ്പലത്തിൽകയറി പ്രാർത്ഥിച്ചു.അവിടെയെല്ലാം നടന്നു. അങ്ങനെയെല്ലാമാണ് ആ ദിവസം ആഘോഷിച്ചത്.ഞങ്ങൾക്ക് എല്ലാവർക്കും എന്ത് സന്തോഷമായിരുന്നു എന്ന് അറിയാമോ? അവിടെ നിന്ന് വരുമ്പോൾ രാത്രിയായി ഏറെയായിരുന്നു.

അഞ്ജന.എം.യു

8.C

# <u>MY MOTHER INDIA</u>



*My mother India is the holy abode of god*
*As peaceful as a meadow,We live here*
*As pretty as earth,We all are together,*
*As calm as water everything she receives*

*My mother India is a symbol of unity,*
*Where everyone is together to face the  calamities.*
*My mother India is a place of humanity*
*Where in every heart resides with love and mercy,*
*My mother India is a land of divinity,*
*Where we see our parent as god and  everything divine swirls*
*Before my great mother for your my head bows down,*
*Really blessed I am to born on this great land.*

*Aluru Mounika*
*XI A*



# സ്വപ്നലോകത്തേക്കൊരുയാത്ര

ISRO സന്ദർശിക്കുക എന്നതും അതിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയെന്നതും എന്റെ സ്വപ്നമായിരുന്നു.റോക്കറ്റ് വിക്ഷേപണത്തിന്റെ ദൃശ്യങ്ങൾ യൂട്യൂബിൽ നിരീക്ഷിക്കുകയെന്നതും എന്റെയൊരു ഒഴിവുസമയത്തെ ഹോബിയായിരുന്നു.അപ്പോഴൊന്നും ഇത്ര വേഗം അത് നേരിൽകാണാൻ സാധിക്കുമെന്ന് കരുതിയിരുന്നതല്ല.ഈ വിദ്യാലയത്തിൽ ചേർന്ന വർഷം തന്നെ ഇങ്ങനെ അവിസ്മരണീയമായ ഒരു യാത്ര സമ്മാനിച്ച പ്രധാന അദ്ധ്യാപികയ്ക്കും എല്ലാ അദ്ധ്യാപകർക്കും സർവ്വോപരി ദൈവത്തിനും ആദ്യമേ എന്റെ കൃതജ്ഞത അറിയിക്കട്ടെ.

സുനിത ടീച്ചർ , സുഭാഷ് മാഷ് എന്നിവരുടെ നേതൃത്വത്തിൽ ഞങ്ങൾ 14 കുട്ടികൾ ഞായറാഴ്ച്ച ഉച്ചക്ക് 3 മണിയോടു കൂടി കുന്നംകുളത്തുനിന്ന് പുറപ്പെട്ടു. എന്നോടൊപ്പം ഈ വിദ്യാലയത്തിലെ തന്നെ വിദ്യാർത്ഥികളായ ഘനശ്യാം , ഷാഹിഫ്,ആദിത്യൻ എന്നിവരും ഉണ്ടായിരുന്നു.ഒപ്പം നമ്മുടെ സുനിൽ മാഷും ചെറുതുരുത്തി സ്കൂളിലെ ഷീല ടീച്ചറും യാത്രയ്ക്ക് നേതൃത്വം നൽകാൻ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു.മഴയുടെയും കാറ്റിന്റെയും മുന്നറിയിപ്പുകൾ ഞങ്ങളിൽ ആശങ്ക ഉണർത്തിയിരുന്നെങ്കിലും കാലാവസ്ഥ ദൈവസഹായത്താൽ അനുകൂലമായി മാറി. യാത്രയ്ക്കിടയിൽ സുനിൽ മാഷിന്റെ നാടൻപാട്ടും ക്വിസ് മത്സരവും ഞങ്ങൾക്ക് ആവേശം പകർന്നു. വൈകുന്നേരത്തെ ലഘുഭക്ഷണവും രാത്രിയിലെ അത്താഴവും ഹോട്ടലിൽ നിന്നും കഴിച്ച് ഞങ്ങൾ 12 മണിയോടെ കോട്ടൺഹിൽ സ്കൂളിലെത്തി. അവിടെ ഒരു ക്ലാസ്സ് മുറിയിൽ ഞങ്ങൾ കിടന്നു.

അടുത്ത ദിവസം അതിരാവിലെ 6 മണിക്കുണർന്നതിനു ശേഷം ബ്രേക്ക് ഫാസ്റ്റ് കഴിക്കുവാൻ വിദ്യാലയത്തിലെ ഓഡിറ്റോറിയത്തിലേക്ക് വിളിച്ചു. ഭക്ഷണം കഴിച്ചതിനുശേഷം റൂമിൽ പോയി വസ്ത്രം മാറി യൂണിഫോം ധരിച്ചു.

ISRO യുടെ 8-ാം നമ്പർ ബസ്സിൽ ഞങ്ങൾ യാത്ര തിരിച്ചു. ഞങ്ങളോടൊപ്പം ഇടുക്കി, പാലക്കാട് ജില്ലാ ടീമുകളും ഉണ്ടായിരുന്നു. ISRO ശാസ്ത്രജ്ഞനായ ശ്രീ പ്രശാന്ത് സാർ ആയിരുന്നു ഞങ്ങളെ ഗൈഡ് ചെയ്തിരുന്നത്. ISRO കവാടം കടന്ന് ബസ്സ് ഓടിക്കൊണ്ടിരുന്നു. ഇരുവശത്തും കാണുന്ന കെട്ടിടങ്ങളെക്കുറിച്ച് പ്രശാന്ത് സാർ പരിചയപ്പെടുത്തി. control room, PSLV application unit, radar unit എന്നിവയായിരുന്നു അവയിൽ ചിലത്. മെറ്റൽ സ്കാനറിലൂടെ ഞങ്ങൾ ഉള്ളിലേക്ക്പ്രവേശിച്ചു.വിശാലമായ ഹാളിൽ ഞങ്ങളെ വരവേറ്റത് കൗതുകമുണർത്തുന്ന PSLV, GSLV, GSLV MARK III എന്നിവയുടെ കുറ്റൻ മാതൃകകളായിരുന്നു.

പിന്നീട് ഞങ്ങളെ ഒരു വലിയ ഓഡിറ്റോറിയത്തിലേക്ക് നയിച്ചു. ഒപ്പം ISRO യുടെ പേന, പേപ്പർ പാഡ്, ബുക്ക് ലെറ്റ്സ് എന്നിവയടങ്ങിയ ഒരു കിറ്റ് തന്നു. ഓഡിറ്റോറിയത്തിൽ ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ ഞങ്ങളെ സ്വാഗതം ചെയ്തു. പ്രകൃതിക്ക് കോട്ടം വരുത്താതെ വേണം നാം കണ്ടുപിടുത്തങ്ങൾ ചെയ്യേണ്ടതെന്നും പ്രകൃതിയെ നാം ഒരിക്കലും ഹാനിക്കരുതെന്നും അവർ ഞങ്ങളെ ഉപദേശിച്ചു. വിശദമായൊരു ക്ലാസ്സ് എടുത്തു.തുടർന്ന് ഒരു ശാസ്ത്രജ്ഞൻ ഞങ്ങൾക്ക് റോക്കറ്റിന്റെ ഘടകങ്ങളും അതിൽ നിറയ്ക്കുന്ന ഫ്യൂവലുകളും പലതരത്തിലുള്ള റോക്കറ്റുകളും അവയുടെ ഭാരവും പ്രവർത്തന ഘടനയും വിശദീകരിച്ചു. പ്രധാന ആശയങ്ങൾ ഞങ്ങൾ പേപ്പർ പാഡിൽ നോട്ട് ചെയ്തു. തുടർന്ന് ലഘുഭക്ഷണം ഉണ്ടായിരുന്നു.

അതിനുശേഷം ഞങ്ങളെ റോക്കറ്റ് ലോഞ്ചിംഗ് കാണിക്കുവാൻ ISRO ബസ്സിൽ തന്നെ തുമ്പ equatorial region ലേക്ക് നയിച്ചു. അവിടെ വിശാലമായ കടൽത്തീരമായിരുന്നു. ഒരു താല്ക്കാലികമായി നിർമ്മിച്ച ഷെഡിനരികെ ഞങ്ങളുടെ ബസ്സ് നിർത്തി. ഞാൻ ഷെഡിനരികിൽ നിന്നു. ഓരോ അഞ്ച് മിനിറ്റ് കൂടുന്തോറും ഓരോ കമാന്റ്സ് കേൾക്കുന്നുണ്ടായിരുന്നു. ഞങ്ങളതു കേട്ട് ജാഗരൂകരായി നിന്നു. ഫയർ ഫോഴ്സ്, ആംബുലൻസ്, പട്ടാളക്കാർ, പോലീസ് എന്നിവർ ഹാജരായി. സൈറൺ മുഴങ്ങി. റോക്കറ്റ് ലോഞ്ച് ചെയ്യാനുള്ള കൗണ്ട് ഡൗൺ തുടങ്ങി. 10,9,8,... ഞങ്ങൾ നിശബ്ദരായി. ശ്രദ്ധാലുക്കളായി റോക്കറ്റിനെ നോക്കിക്കൊണ്ട് നിന്നു. ...3,2,1 അതാ റോക്കറ്റ് കുതിക്കുന്നു. ഞങ്ങൾ കൈയ്യടിച്ചു ആർത്തു വിളിച്ചു. എന്തൊരു വേഗത! നിമിഷങ്ങൾക്കകം അത് മറഞ്ഞു. വീണ്ടും വിക്ഷേപണ വിജയത്തിന്റെ സൈറൺ മുഴങ്ങി. മിഷൻ അവസാനിച്ചു.

ഞങ്ങൾ അവിടെയുള്ള പള്ളിയിലേക്ക് യാത്ര തിരിച്ചു. ആ പള്ളി ഇപ്പോൾ ഒരു മ്യൂസിയമാണ്. പള്ളിക്കുമുന്നിൽ മനോഹരമായ ഒരു തോട്ടമൊരുക്കിയിരിക്കുന്നു. തോട്ടത്തിൽ പലതരം റോക്കറ്റുകളുടെ കൂറ്റൻ മാതൃകകൾ സ്ഥാപിച്ചിരിക്കുന്നു. ഞങ്ങൾ പള്ളിക്കുള്ളിലേക്കു പ്രവേശിച്ചു. അതിനുള്ളിൽ ISRO വിക്ഷേപിച്ച അനേകം സാറ്റ് ലൈറ്റുകളുടെ മോഡലുകളും പുതിയതായി നിർമ്മിച്ച സ്പേസ് സ്യൂട്ടും സ്പേസ് ക്രാഫ്റ്റും റോക്കറ്റിലെ പലതരം ഇന്ധനങ്ങളും എൻജിനുകളും കാണാൻ സാധിച്ചു.

പിന്നീട് ഞങ്ങൾ ലഞ്ച് കഴിക്കുവാൻ ഒരു വലിയ റൂമിലേക്ക് പ്രവേശിച്ചു. ലഞ്ച് എന്നു പറഞ്ഞാൽ അത് ഒരു റോയൽ ഭക്ഷണം ആണെന്നെനിക്കു തോന്നി. എന്തെന്നാൽ അതിഗംഭീരമായൊരു സദ്യ! ഫ്രൈഡ് റൈസ്, ന്യൂഡിൽസ്, ബട്ടർ ചിക്കൻ.... അങ്ങനെ പലതും ആ വലിയ മേശയിൽ ഒരുക്കി വച്ചിരിക്കുന്നു. ഒപ്പം ഇഞ്ചിയും പുതിനയിലയും സ്പൈസസും ചേർത്ത ഡ്രിങ്കും ഉണ്ടായിരുന്നു. സദ്യയ്ക്കു ശേഷം വീണ്ടും നേരത്തെ പോയ ഓഡിറ്റോറിയത്തിലേക്ക് ഞങ്ങളെ നയിച്ചു. അവിടെ ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ സന്നിഹിതരായിരുന്നു. ഞങ്ങളോട് സംശയങ്ങൾ എഴുതി കൊടുക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് ഞങ്ങളുടെ സംശയങ്ങൾക്ക് അവർ മറുപടി തന്നു. ഏകദേശം അഞ്ച് മണിയോടെ ഞങ്ങൾ ISRO യിൽ നിന്ന് മടങ്ങി.

മടങ്ങുന്ന വഴിക്ക് ഞങ്ങൾ പ്ലാനറ്റോറിയവും സന്ദർശിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ പ്ലാനറ്റോറിയമായിരുന്നു. അതിന്റെ മുകളിലത്തെ നിലയിൽ ഇന്ത്യയിലെ ഏറ്റവും വലിയ ടെലസ്കോപ്പുണ്ട്. കിരൺ എന്ന പറയുന്ന ഒരു ചേട്ടനായിരുന്നു ഞങ്ങൾക്ക് കാര്യങ്ങൾ വിശദീകരിച്ചു തന്നത്. അവിടത്തെ തിയറ്ററിൽ ഞങ്ങൾ ഗ്രഹങ്ങളെക്കുറിച്ചുള്ള സിനിമ കണ്ടു. അത് സാധാരണ തിയറ്ററായിരുന്നില്ല. കിടക്കുന്ന വിധത്തിലുള്ള ചെയറും മുകളിൽ വൃത്താകൃതിയിലുള്ള സ്ക്രീനും. ഒരു ഗ്രഹത്തെക്കാണിച്ചാൽ അത് നമ്മുടെ അടുത്ത് നിൽക്കുന്നതായ തോന്നും. ഞങ്ങൾക്ക് നക്ഷത്രക്കൂട്ടങ്ങൾ കണ്ടെത്താനുള്ള വഴികൾ പറഞ്ഞു തന്നു. അങ്ങനെ പ്ലാനറ്റോറിയം കണ്ട് കഴിഞ്ഞ് ഭക്ഷണം ഹോട്ടലിൽ നിന്ന് കഴിച്ച് ഞങ്ങൾ സന്തോഷത്തോടെ വീട്ടിലേക്ക് യാത്ര തിരിച്ചു.



**ബേസിൽ ജയ്ജ്ജ**

**VIII G**



# ***പെയ്യാതെ പെയ്തവൾ***

***സിൽവി സി ജി***

***യു പി എസ് ടി***



കോടിയുടുക്കാതോണമുണ്ടോരെന്റെയും
കൂട്ടായ് പിറന്നോരുടെയും കൂട്ടായെത്തിയ
കാന്തന്റെയും ബാല്യകാലത്തേന്റെയാ-
നോവാറ്റാമെന്ന തോന്നലിൽ ഞാൻ
ഓടിയെത്തുന്നൊരോണനാളണിയാൻ
ഉറുമ്പു ധാന്യമെന്നപോൽ കൂട്ടിയൊരുക്കി
കോടിയോരോന്നായ് ദിനമോരൊന്നായ്
വിരുന്നെത്തും കൂട്ടരെ കരുതി ഞാൻ
വിത്തൊരുക്കും കർഷകനെപോൽ
വിഭവങ്ങളെക്കൊണ്ടെന്റെ വീടിന്റെ
കുഞ്ഞറകളെ നിറച്ചിന്നേ ഞാൻ
ആടിനിലാവിലാറാടി നിൽക്കുമെൻ
മലയാള നാടിന്റെയാരാരാമ ഭംഗിയിൽ
മനം നിറച്ചഭിമാനം കൊണ്ടവൾ ഞാൻ
കാത്തിരുന്നു ഞാനാ നിലാവെട്ടത്തിനായ്



ഏറേനോവോടറിഞ്ഞു ഞാൻ

നാളേറെപെയ്യും പേമാരിയെന്ന്

കാര്യമാക്കിയില്ലതൊന്നുമേ ഞാൻ

ഇതെത്രകേട്ടിരിക്കന്നെന്ന നിനച്ച

കളിയേറെക്കാര്യമായെന്നറിയുന്ന ഞാൻ

കരി പോലിരുണ്ട മാരിക്കാറിനെ നോക്കി

കൊഞ്ഞനം കുത്തുന്നിതത്തപ്പൂക്കളം

ആശങ്കയാലാധിയായ് ഞാനും നിന്നുപോയ്

ആർത്തലക്കുന്നൊരാ വർഷപ്പേക്കൂത്തിൽ

മുച്ചൂട്ടും മുടിഞ്ഞതെൻ നാടും നാട്ടാരും

പൂവിളിയുയരേണ്ടൊരെൻ നാട്ടിലുയർന്ന

രക്ഷക്കായുളാർപ്പോ വിളികളെങ്ങും

എവിടെ രക്ഷ? ആർക്കാരെ രക്ഷിക്കാം?

എല്ലാവരും പതിതരല്ലേ ഈശ്വരാ!

ഈശ്വരോ രക്ഷതു! രക്ഷതു!

എങ്ങുമാ രോദനങ്ങൾ മനംകലങ്ങി ഞാനും

ആതുരാലയങ്ങൾ ആരാധനാലയങ്ങൾ

സരസ്വതീക്ഷേത്രങ്ങളെല്ലാം നിറഞ്ഞഹോ

ഇനിയുണ്ട് രക്ഷിപ്പാനാളേറെയുണ്ട്

എവിടെ രക്ഷ? ആർക്കാരെ രക്ഷിക്കാം?

കടലമ്മ പോറ്റും മക്കളിതാ വരുന്നേ

രക്ഷകരായെങ്ങും ജലഭേരിയായ്

കടലിന്റെ നേരും ചൂരുമറിയുന്നോർ

തുഴഞ്ഞേറെ ജീവിനെയക്കരെയടുപ്പിച്ച.

കുമ്പിട്ടു തൊഴുകയ്യോടിതാ ഞാൻ

നമിക്കുന്നു നിങ്ങളെ, സാഷ്ടാംഗ പ്രണാമം.

നെഞ്ചിടിപ്പോടെ വാർത്തകൾ കണ്ടു ഞാൻ

ഞാണിന്മേൽ തൂങ്ങുന്ന ജീവിതങ്ങളെ

ക്ഷിപ്രമായ് റാഞ്ചിയെടുക്കുന്ന വീരരെ

പടക്കളത്തിലെന്നപോൽ കൈയ് മെയ് മറന്നവർ

നാടിന്റെ വീര പുത്രർ തന്നെ നൂനം.

പ്രണാമം പ്രണാമം സാഷ്ടാംഗ പ്രണാമം

വേദനയോടൊരുക്കി ഞാൻ വിഭവങ്ങൾ

വേത്തു വെള്ളമൊരുക്കും പോലിതാ

വെള്ളമൊഴിച്ചു ഞാൻ വേവുന്നിതന്നവും

വിങ്ങുന്ന മനവും തപിക്കുന്ന തനുവും

എന്താണിങ്ങനെ പ്രകൃതി വാമന വേഷം

പൂണ്ടതോ? ഉപ്പുതിന്നവർ ഇന്ന്

വെള്ളം കുടിച്ചതോ? എന്തെന്നറിയില്ല

ആരാണ്?എന്താണ് ഉയരുന്നു ചോദ്യങ്ങൾ

ഒന്നുമെനിക്കറിയേണ്ട ഒന്നെനിക്കറിയാം

വേണം കാണണമെനിക്കെൻ നാടിന്റെ

സുഭഗങ്ങൾ നന്മകളൊക്കെയും

ഒരു തരിയായ് ഞാനീ മണ്ണിലടിയും വരെ

# കിനാമഴ

ചിതയെരിഞ്ഞ മണ്ണിൻ തരികളിൽ
ചിതറി വീണുവോ മോഹങ്ങളത്രയും...
കറവീണ കണ്ണുകൾ കാഴ്ച മറയ്ക്കുമ്പോൾ
കഴിയുന്നില്ലയീ കണ്ണുനീർ കാണുവാൻ...
പാപപുണ്യ കണക്കുകൾ ഗണിയ്ക്കുമ്പോൾ
ഏറിടുന്നു പാപശിഷ്ടങ്ങളും.....
നിന്നെമെഴുകി നീറുന്ന പാദങ്ങളിൽ
ഇടറിടുന്നൊരീ മോഹഭംഗങ്ങളും...
സത്യവും നീതിയും അന്യമായീടുമ്പോൾ
ഇവിടെയില്ലായിനി ധർമ്മയുദ്ധവും...
കൂർത്ത മുനകളാൽ കുത്തിയിറക്കുമ്പോൾ
പിടഞ്ഞു തീരുന്നു ജീവൽ തുടിപ്പുകൾ...
ബന്ധിതമായി പിടയുന്ന ക്രൗഞ്ചവും കേഴുന്നു
ഇവിടെയില്ലായിനി മാനിഷാദയും...
വറ്റിവരളുന്ന തൊണ്ടയിൽ നിറയുന്ന
പാപശിഷ്ടത്തിൽ കാളകൂടം...
വെയിൽ സൂചി കൊണ്ട് കുത്തിയിറക്കുന്നു
മഴമേഘക്കീറുകൾ പെയ്യാൻ മടിയ്ക്കുന്നു...
ഉള്ളിന്റെ ദാഹം ശമിയ്ക്കുവാനെങ്കിലും
ഒരു മാത്രമാത്രമായ് പെയ്തിടുമോ...
സ്വപ്നത്തിലെങ്കിലും കുളിരായി തീരുവാൻ
പെയ്തിറങ്ങുമോയിനിയീ കിനാമഴ...



നിസ .ജി

ഫിസിക്സ് അധ്യാപിക

# മായാജാല കഥ

മനോഹരമായൊരു ഗ്രാമം. അവിടെ ഒരു അമ്മയും മകനും താമസിച്ചിരുന്നു. മഹാ പട്ടിണിയായിരുന്നു ആ കുടുംബം. വിശാൽ എന്നായിരുന്നു മകന്റെ പേര്.അമ്മയ്ക്ക് എഴുന്നേറ്റ് നടക്കാൻ കഴിയില്ല. വിശാൽ ചെറുകിട തൊഴിലുകൾ ചെയ്താണ് ആ കുടുംബം നോക്കിയിരുന്നത്. അങ്ങനെ, വിശാലിന് പണിയില്ലാതിരുന്ന ഒരു ദിവസം അവൻ വീടിന്റെ ഉമ്മറത്ത് ഇരിക്കുകയായിരുന്നു.നല്ല മഴക്കാറ് ഉണ്ടായിരുന്നു.പിന്നീട് മഴപെയ്യാൻ തുടങ്ങി.അവൻ ആ മഴത്തുള്ളികളെ നോക്കിക്കൊണ്ടിരുന്നു.അപ്പോൾ ചെടികളുടെ ഇടയിൽ അവനൊരു മിന്നായം കണ്ടു. അവൻ തോട്ടത്തിൽ പോയി ആ മിന്നുന്ന മണിമുത്ത് എടുത്തു അമ്മയുടെ അടുത്തേക്ക് പോയി .അവൻ പറഞ്ഞു അമ്മേ ഇതെന്താ? അമ്മ പറഞ്ഞു മോനേ ഇതൊരു വെള്ളാരങ്കല്ലാണ്. അതു കളഞ്ഞേക്ക്.എന്നാൽ ആ ഭംഗിയുള്ള മണിമുത്ത് അവൻ കളഞ്ഞില്ല.അവൻ അത് സൂക്ഷിച്ചു വെച്ചു.

പിന്നീട് സന്ധ്യാ സമയത്ത് അവന്റെ അമ്മ അവനോട് പറഞ്ഞു മോനേ അകത്തെന്താ കഴിക്കാനുള്ളത്? അവൻ വിഷമത്തോടെ പറഞ്ഞു അമ്മേ ഇന്ന് പണിയൊന്നും ഇല്ലാതിരുന്നത് കൊണ്ട് അരിയും സാധനങ്ങളും വാങ്ങാൻ എന്റേല് കാശുണ്ടായിരുന്നില്ല.അതു കൊണ്ട് ഇന്ന് ഭക്ഷണം വച്ചില്ല അമ്മേ അമ്മ പറഞ്ഞു അതു കുഴപ്പമില്ല മോനേ അവൻ വിഷമത്തോടെ ആ മണിമുത്ത് എടുത്തു. കൈക്കുള്ളിൽ വച്ച് നെഞ്ചോടു ചേർത്ത് അവൻ ചിന്തിച്ചു ഇപ്പോൾ വല്ലതും കഴിക്കാനുണ്ടായിരുന്നെങ്കിൽ അമ്മയുടെ വിശപ്പ് മാറ്റാമായിരുന്നു.അപ്പോഴതാ തീൻമേശയിൽ പഴങ്ങളും മറ്റു ഭക്ഷണസാധനങ്ങളും അവൻ സന്തോഷത്തോടെ പറഞ്ഞു ഹായ് എന്തെല്ലാം സാധനങ്ങൾ അപ്പോൾ അമ്മ മുറിയിൽ നിന്ന് എത്തിച്ച് നോക്കി . അമ്മ ആശ്ചര്യപ്പെട്ടു കൊണ്ട് ചോദിച്ചു മോനേ ഇത് എങ്ങനെ സാധിച്ചു. അവൻ ആ നടന്ന കാര്യങ്ങൾ അമ്മയോട് പറഞ്ഞു . അങ്ങനെ ദിനങ്ങൾ പോയി കൊണ്ടിരുന്നു. അവൻ ആഗ്രഹിച്ചതെല്ലാം അവനു ലഭിച്ചു.അവന്റെ അമ്മയുടെ കാലിലെ തളർച്ച എന്നന്നേക്കുമായി മാറി.

പിറ്റേ ദിവസം രാവിലെ അവൻ കണ്ണുതുറന്നുനോക്കുമ്പോൾ അവന്റെ പെട്ടിയിലെ മണിമുത്ത് അപ്രത്യക്ഷമായിരിക്കുന്നു.

This story's message

“പാവപ്പെട്ടവരോടൊപ്പം എന്നും ദൈവം കൂടെയുണ്ടാകും"

# രാത്രിമഴ




കർക്കിടകം വരുകയായ്
മഴയുടെ ഇരമ്പലോടെ
വരണ്ടുണങ്ങിയ മഹിക്കു നനവായ്
സന്തോഷത്തിൻ കുളിർമയോടെ

വിണ്ണിൽ നിന്നും വരുകയായ്
ശക്തിയാം തുള്ളിയോടെ
മണ്ണിന്റെ മണമായ്
വിത്തുതൻ മുളയോടെ

കാതോർത്തു നിൽക്കുമീ
മാരിതൻ ശബ്ദത്തെ
വെയിലിനെ മൂടുമീ
കലതൻ കാന്തിയേ
ഉഷ്ണകാലക്കെടുതിയിൽ
വന്നെത്തി പെരുമഴ
മനുഷ്യന്റെ നന്മക്കായ്
പെയ്യുമീ രാത്രിമഴ...

**ജിസ്സ തോമസ് -൯.J**



# എന്റെ ജാലക കാഴ്ചകൾ

ഒരിക്കൽ ഞാൻ എന്റെ വീട്ടിലെ ജനാലക്കരികിൽ ഇരുന്ന് പുറത്തെ കാഴ്ചകൾ കണ്ടു രസിക്കുകയായിരുന്നു വളരെ മനോഹരമായിരുന്നു ആ കാഴ്ചകൾ. പൂക്കളും,പുഴകളും,പാടവും,കിളികളും അങ്ങനെ എന്തു നല്ല കാഴ്ചകൾ! കണ്ടാൽ കണ്ണിനു കുളിർമ തോന്നും.മാത്രമല്ല,പാടത്ത് എന്റെ കൂട്ടുകാർ പട്ടം പറത്തിക്കളിക്കുന്നുണ്ട്. ആകാശത്ത് കിളികൾ പാറി നടക്കുന്ന പോലെ മനോഹരമായിരുന്നു ആ കാഴ്ചകൾ. കുറേ പേർ മാവിന്റെ ചോട്ടിൽ മണ്ണപ്പം ചുട്ടുകളിക്കുകയാണ്. മീനുവും നീനുവും,അപ്പുവും,അമ്മുവുമൊക്കെയായിരുന്നു അത്.അപ്പോഴാണ് കുറച്ചപ്പുറത്ത് കുറേ പേർ കാൽപ്പന്ത് കളിക്കുന്നത് ഞാൻ കണ്ടത്.പെട്ടെന്നു നോക്കിയാൽ പാടത്ത് താറാവു കുഞ്ഞുങ്ങൾ തത്തി നടക്കുന്ന പോലയേ തോന്നൂ...... എന്റെ ചേട്ടനും പോയിട്ടുണ്ട് കളിക്കാൻ..... അങ്ങനെ എല്ലാവരും ഭയങ്കര സന്തോഷത്തിലാണ്. പള്ളിക്കൂടം വിട്ടാൽ എല്ലാവരും ഓടിവരുന്നത് ഇങ്ങോട്ടാണ്....ഞാനും ആ മനോഹരമായ കാഴ്ച കാണാൻ ഇവിടെ ഇരിക്കും.അങ്ങനെ എല്ലാവരും തകൃതിയായി കളിച്ചു കൊണ്ടിരിക്കുകയാണ്.ആ സുന്ദമായ കാഴ്ചകൾക്കിടയിൽ മനസ്സിൽ എന്തെന്നില്ലാത്തൊരു തീരാ സങ്കടത്തോടെ ഞാൻ ഓർത്തു......

എനിക്കും നടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ....

അശ്വതി ടി.എ

IX B

# Idiom's myriad voices

I  peered in to the darkness. It gazed back into me as if it knows what I feel. “She utters  see,dear,without  me how will you see the stars ?”yes, I feel ....the reflections drift deep over my percepton !Oh!

How would  I  recount my life with my in laws? It was really a dog's life. I used to think that  I would lose marbles. All my wishes and desires were merely pushing  daisies . There, I was really a fish out of water I couldn't start every day off with  a smile because they were black days to me. No days passed by without  a bummer I asked my friends whether they had time on their hands to hear me. But-all of them were burning candle at-both ends. I used to go out like a light but the visage of my mother -in-law gave me a hypnic jerk. I was ready to drop. To add insult to injury I delivered my son who was not so fair as they thought. Hence,I had to swallow grass snakes. Their language &their mannerisms were extremely different  from that of mine. They were really Chinese arithmetic for me. I wished to wet whistles for  forgetting my miseries. The day on which I left that lunatic home was a red letter day in my life. Now...I feel,life is a piece of cake.

Sreelaja K.J
H S T English



# ഒരു നുണക്കഥയിലെ ശാസ്ത്ര സത്യങ്ങൾ

നല്ലൊരു പ്രഭാതം .കൺതുറന്ന് പുറത്തക്ക് നോക്കിയപ്പോൾ സന്തോഷം തോന്നി. കൂട്ടത്തിൽ ഓർത്തു 'പൈനിയൽഗ്രന്ഥി' കൃത്യമായി പ്രവർത്തിച്ചിരിക്കുന്നു. അല്ലെങ്കിൽ ഞാൻ കുറെ നേരം കൂടി ഉറങ്ങിപ്പേയേനെ.

എന്റെയാ ആത്മഗതം തൈറോയ്ഡ്ഗ്രന്ഥിയ്ക്ക് ഒട്ടും ഇഷ്ടമായില്ല. "ഹും.... ...ഹൃദയമിടിപ്പും ഊർജ്ജോൽപാദനവുമെല്ലാം കൃത്യമായി നിയന്ത്രിച്ച് ആരോഗ്യത്തോടെ നിർത്തുന്ന തന്നെക്കുറിച്ച് നല്ലതു പറയാൻ ആരുമില്ല . ഞാനിവിടെ മടി പിടിച്ചിരുന്ന് തൈറോക്സിൻ ഉൽപാദിപ്പിച്ചില്ലെങ്കിൽ ഹൈപ്പോതൈറോയ്ഡിസം വരുമെന്ന വല്ല വിചാരവും ആർക്കെങ്കിലുമാണ്ടോ?"-

തൈറോയ്ഡ്ഗ്രന്ഥി രോഷത്തോടെ പറഞ്ഞു.

"അതിപ്പോ,നീ കൂടുതൽ ഉൽപാദിപ്പിച്ചാലും കുഴപ്പമല്ലോ?ദേ പോകുന്ന ഗ്രേവ്സ് രോഗി എന്നു പറഞ്ഞ് ആളുകൾ എന്നെ കളിയാക്കില്ലേ?"ഞാനാ പറഞ്ഞതുകേട്ട് എല്ലാ ഗ്രന്ഥികളും കുടുകുടെ ചിരിച്ചു തൈറോയ്ഡ്ഗ്രന്ഥി ദേഷ്യത്തിൽ ഇരുന്നു.

"അയ്യോ ദേഷ്യം പിടിക്കല്ലേ. നിനക്ക് ഞാൻ ധാരാളം അയഡിൻ തരുന്നില്ലേ. അതു കൊണ്ടല്ലേ നീ ഗോയിറ്ററൊന്നും വരാതെ silm ആയി ഇരിക്കുന്നത്."

ഇതൊന്നും കേട്ടിട്ടും തൈറോയ്ഡ് ഗ്രന്ഥിയ്ക്ക് സമാധാനമായില്ല. തൊട്ടുപുറകിൽ ഇരിയ്ക്കുന്ന പാരാതൈറോയ്ഡിനെ ഒന്നുതിരിഞ്ഞു നോക്കി.താൻ ഉൽപാദിപ്പിക്കുന്ന കാൽസിടോണിന്റെ അടുത്ത കൂട്ടുകാരനാണ് പാരതൈറോയ്ഡ്ഗ്രസ്ഥി ഉൽപാദിപ്പിക്കുന്ന പാരതൊർമോൺ രണ്ട് പേരും കൂടിയല്ലേ രക്തത്തിലെ കാൽസ്യം നിയന്ത്രിക്കുന്നത്.എന്നിട്ടും ചിരിച്ചിരിക്കുന്നു തന്നെ കളിയാക്കി

മുകളിലിരിക്കുന്ന പിറ്റ്യൂറ്ററി ഗ്രന്ഥി കണ്ണുരുട്ടി തൈറോയ്ഡ്ഗ്രസ്ഥിയെ ഒന്നു നോക്കി.TSH ഉൽപാദിപ്പിച്ച് തന്നെ നിയന്ത്രിക്കുന്ന കക്ഷിയാണ്.തൈറോയ്ഡ് അങ്ങോട്ട് നോക്കാനേ പോയില്ല.അല്ലെങ്കിലും അഹങ്കാരം കുറച്ച് കൂടുതലാണ് പിറ്റ്യൂറ്ററിയ്ക്ക്. എല്ലാവരെയും കേറിയങ്ങ് ഭരിക്കും. ACTU, GTH എന്നിവയൊക്കെ ഉപയോഗിച്ച് അഡ്രിനൽ ഗ്രന്ഥിയെയും ലൈംഗികാവയവങ്ങളെയുമൊക്കെ നിയന്ത്രിക്കുന്നതിന്റെ അഹങ്കാരം. പിന്നെ വളർച്ച ഹോർമോണും പിറ്റ്യൂറ്ററിയുടെസ്വന്തം സൃഷ്ടിയല്ലേ? സത്യം പറഞ്ഞാൽ പിറ്റ്യൂറ്ററിയെ ഒതുക്കാൻ ഹൈപ്പോതലാമസ് വിചാരിച്ചാൽ മതി.

പക്ഷേ വിചാരിക്കില്ലല്ലോ.ഇല്ല കാരണം രണ്ടുപേരും അത്രയ്ക്ക് കൂട്ടാണ്. ഹൈപ്പോതലാമസ് ഉൽപ്പാദിപ്പിക്കുന്ന രണ്ട്ഹോർമോണുകളെ പിറ്റ്യൂറ്ററിയ്ക്ക് ദാനം ചെയ്യാൻ മാത്രം സൗഹൃദമുണ്ടവർക്ക് അതു കൊണ്ടാണല്ലോ ഓക്സിടോസിനും വാസോപ്രസ്സിനും പിറ്റ്യൂറ്ററിയുടെ പിൻദാനത്തിൽവന്നു കിടക്കുന്നത്.തൈറോയ്ഡ് ഗ്രന്ഥി നെടുവീർപ്പിട്ടുകൊണ്ട് മിണ്ടാതെയിരുന്നു. കുറെ നേരമായി വെറുതെയിരിക്കുകയായിരുന്ന പാൻക്രിയാസ് ഗ്രന്ഥി ഞെട്ടിപ്പോയി.എന്താ ഇത്? ലഡുവും ജിലേബിയുമൊക്കെ.......ഒരു control ഉം ഇല്ലാതെ...

വൃക്കയ്ക്കുമുകളിൽ സുഖിച്ചിരിക്കുകയായിരുന്നു. അഡ്രിനൽ ഗ്രന്ഥിപോലും ഒന്നു തിരിഞ്ഞിനോക്കി.ഇന്ന് SSLC റിസൽട്ട് വന്ന ദിവസമാണ്.മധുരത്തിന് കുറവുണ്ടാവില്ല.എത്ര ഇൻസുലിൻ ഉൽപ്പാദിപ്പിച്ചാലാണ് രക്തത്തിൽ പഞ്ചസാര ഒന്നു കുറഞ്ഞു കിട്ടുക.പാൻക്രിയാസ് ഗ്രന്ഥി വിഷമിച്ചുപോയി.രക്തത്തിൽ പഞ്ചസാരയുടെ അളവുകൂടി പ്രമേഹം വന്നാലേ ഇവരൊക്കെ പഠിക്കുകയുള്ളൂ എന്നു കാണും മധുരം കാഴിയ്ക്കാൻ ഓരോ ഓരോ കാരണങ്ങള്.ഇനി കുറച്ചുദിവസത്തേയ്ക്ക് ഗ്ലൂക്കഗോണിന്റെ ആവശ്യം ണില്ല.രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുമ്പോഴല്ലേ അതു വേണ്ടൂ?

"നിനക്ക് ഒരുപണിയും ഇല്ലോ?"

അഡ്രിനൽ ഗ്രന്ഥിയോടായ് ഒരു ചോദ്യമെറിഞ്ഞു.

"ഇത് നല്ല കൂത്ത്. ഞാൻ പണിയെടുക്കുന്നത് നീ ഒന്നും കാണുന്നില്ലേ"?

"ഈ റിസൽട്ട് വരുന്നത് പ്രമാണിച്ച് എത്ര എപ്പിനൊഫിനാണ് ഞാൻ ഉൽപാദിപ്പിച്ചത്. റിസൽട്ട് പേടി കാരണം. പിന്നെ കൊഴുപ്പിന്റെ ഉപാപചയം വരുന്നതല്ലേ ഉള്ളൂ.ഉച്ചയാവട്ടേ. അപ്പോഴേ കോർട്ടിസോൾ വേണ്ടൂ. പിന്നെ എന്റെ ആൽഡോസ്റ്റീറോൺ ജല- ലവണമ സന്തുലനം നിയന്ത്രിക്കുന്നത് നീ കാണുന്നില്ലേ?"

ശരിയാണ് അത് ഞാൻ ശ്രദ്ധിച്ചില്ല.ഇനി സംസരിച്ചിരിക്കാൻ നേരമില്ല. ജോലി ഭാരം കൂടുന്നസമയമായിത്തുടങ്ങി.എല്ലാ ഗ്രന്ഥികളും തങ്ങളുടെ വിശ്രമമില്ലാത്ത ജോലികളിലേയ്ക്ക് തിരിഞ്ഞു.



**ഡോളി സി മാത്യൂസ്**

**ബയോളജി അദ്ധ്യാപിക**

# ളുവൽ സ്പർശം

ഒരു ചെറുശോഭ കലർന്നൊരു ചിരിയോടെ
തഴുകി തലോടിയുണർത്തുന്ന ഞങ്ങളെ
നീറും മനസ്സിന്റെ വേദനയറിയാതെ
വിറയ്ക്കും കയ്യിൽ കാരണമറിയാതെ
എന്നും തലോടുന്ന എൻ അച്ഛൻ
വേദനകൾ നെഞ്ചകം പിളർക്കുമ്പോഴും
ഹൃദയം തീരാവേദനയാൽ പിടക്കുമ്പോഴും
എനിക്കായ് ഒരു സ്നേഹസാഗരം നീട്ടുമ്പോൾ
ദൈവത്തിൽ പ്രതീകമാം എൻ അച്ഛന്
എനിക്കു നൽകാൻ ഒരു ളുവൽസ്പർശം മാത്രം...

വിദ്യ പി.ബി

# പറന്നകന്ന പക്ഷി

മരുപ്പച്ച തേടിയുള്ള ആ യാത്രയിൽ ഞാൻ ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ഒരു കാഴ്ച കണ്ടു.പല വർണ്ണങ്ങൾ വാരി വിതറി നിൽക്കുന്ന പൂന്തോട്ടത്തിൽ ഒരു മൂലയിലായി നിൽക്കുന്ന വെളുത്ത റോസാപ്പൂവിനെ അറിഞ്ഞൊ അറിയാതെയൊ സ്നേഹിച്ച കുയിലിന്റെ കദനകഥ.

നിത്യവും കാണാറുള്ള റോസാപ്പൂവിനോട് കുയിൽ പറഞ്ഞു ഞാൻ നിന്നെ സനേഹിക്കുന്നു.എനിക്ക് നിന്നെ ഇഷ്ടമാണ്. പറഞ്ഞമാത്രയിൽ ബുദ്ധിമതിയും, തന്ത്രശാലിയുമായ പൂവ് പല കാരണങ്ങളും പറഞ്ഞ് കുയിലിൽ നിന്ന് വിട്ടുമാറാൻ ശ്രമിച്ചു.എന്നാൽ സ്നേഹം മാത്രം കൈമുതലായുള്ള കുയിൽ നിത്യവും പൂവിനെ സന്ദർശിക്കാൻ തുടങ്ങി.സഹികെട്ട പൂവ് കുയിലിനോട് പറഞ്ഞു എന്റെ വെളുത്ത ശരീരം ഒന്ന് ചുവപ്പ്നറമാക്കാമോ ?

കുയിൽ ദിനങ്ങൾ തള്ളിനീക്കി .പൂവിന്റെ നിറം ചുവപ്പാകുന്നതും നോക്കിയിരുന്ന് കുയിലിന് നിരാശതോന്നി .ഒടുവിൽ കുയിൽ ഒരു തീരുമാനമെടുത്തു. ഭീമാകാരൻമാരായ റോസാചെടികളുടെ മുകളിൽ വട്ടമിട്ട് പൂവിന് മുകളിലൂടെ അങ്ങോട്ടും ഇങ്ങോട്ടും പറന്ന് നടന്ന് തന്റെ മൃദുലമായ മേനി ആ സുന്ദരമായ റോസാചെടിയുടെ ക്രൂരമായ മുള്ളുകളിൽ ആഞ്ഞുപതിച്ച ശരീരത്തിൽ നിന്ന് രക്തം ചിതറി ഒഴുകി.അപ്പോൾ കുയിലിന്റെ രക്തം ഒഴുകി ,പൂവിന്റെ നിറം ചുവപ്പ് നിറമായിക്കഴിഞ്ഞു. അതിൽ സന്തോഷവതിയായ പൂവ് മന്ത്രിച്ച ,ഞാൻ നിന്നെ സ്നേഹിക്കുന്നു.നിനക്കായ് ഞാനെന്നും കാത്തിരിക്കും .ഞൊടിയിടയിൽ അത് സംഭവിച്ച .രക്തം വാർന്ന് ക്ഷീണിതനായ കുയിൽ പൂവിനു മുകളിലൂടെ നിലം പതിച്ച .കുയിലിനെ വാരിയെടുത്ത് മാറോടണച്ച് ആ പൂവ് തേങ്ങി .നീ ഇത്രയും സ്നേഹസമ്പന്നമായ മനസ്സിന്റെ ഉടമയാണെന്ന് ഞാൻ തിരിച്ചറിഞ്ഞില്ല .ഈ ജന്മം എനിക്കായ് ജീവൻ കളഞ്ഞ നിന്നെ എനിക്ക് സ്വന്തമാക്കാൻ കഴിഞ്ഞില്ല. ഇനി അടുത്തൊരു ജന്മമുണ്ടെങ്കിൽ ഞാൻ നിനക്കായ് എന്നും കാത്തിരിക്കും എന്ന് പറഞ്ഞ് തേങ്ങിക്കരഞ്ഞു.

ആത്മാർത്ഥസ്നേഹത്തിന്റെയും സത്യസന്ധതയുടെയും വില അറിയാത്ത ഇന്നത്തെ നമ്മുടെ സമൂഹത്തിന് , എന്റെ മനസ്സിൽ പൊട്ടിവിരിഞ്ഞ ഈ കുയിൽ അൽപമെങ്കിലും അറിവ് നൽകുമെന്ന് വിശ്വസിച്ചുകൊണ്ട് വിടപറയട്ടെ ..



ഹൃദ്യ പി.എസ്
9 H

അനുഭവക്കുറിപ്പ്

## മാനസാന്തരം

***2005*** -ൽ മലപ്പുറത്ത് ആനവനാട്ട് ഗവ: ഹയർ സെക്കന്ററി സ്കൂളിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ ഉണ്ടായ ഒരു അനുഭവം എന്റെ മനസിൽ മായാതെ തങ്ങി നിൽക്കുന്നു. എന്റെ ക്ലാസ്സിൽ ***(std 9 )*** പഠിച്ചു കൊണ്ടിരുന്ന രജിത പഠിക്കാൻ ശരാശരി നിലവാരമെങ്കിലും കലോത്സവത്തിനും കായിക മേളയിലും താരമായിരുന്നു അവൾ. ആ വർഷം സബ് ജൂനിയർ ഗേൾസ് വ്യക്തിഗത ചാമ്പ്യനായിരുന്ന അവൾ അടുത്ത ദിവസങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന യുവജനോത്സവത്തിൽ വ്യത്യസ്ത ഇനങ്ങളിൽ പങ്കെടുക്കുന്നുണ്ട്. രണ്ടാം ദിവസം ആദ്യം നടക്കുന്ന തിരുവാതിര കളിയിൽ പങ്കെടുക്കുന്നതിന് ഒരുങ്ങാൻ നേരത്തെ വീടിനടുത്തുള്ള കുളത്തിൽ കുളിക്കാൻ പോയതായിരുന്നു അവൾ. പക്ഷേ അപസ്മാര ശല്യമുള്ള ആ കുട്ടിക്ക് കുളത്തിൽ നിന്ന് രക്ഷപ്പെട്ടുവരുവാൻ സാധിച്ചില്ല. ഇടക്കിടെ അപസ്മാര ശല്യം ഉണ്ടാകാറുള്ള അവൾക്ക് ആവശ്യമുള്ള മരുന്ന് ഒരാഴ്ച മുമ്പ് തീർന്നു പോയതാണ് ഈ അപകടം ഉണ്ടാകാൻ കാരണമായി എല്ലാവരും പറയുന്നത്

ഈ സംഭവത്തിൽ ആകെ തകർന്ന കൂട്ടുകാരികളെ ആശ്വസിപ്പിക്കാൻ ഞങ്ങൾ അദ്ധ്യാപകർ ഒരാഴ്ചയോളം അവരുടെ കൂടെ ക്ലാസ്സിന് പുറത്ത് ചിലവഴിക്കേണ്ടി വന്നു. തുടർന്ന് ചില കുട്ടികളിൽ കണ്ട മാറ്റമാണ് ഞാനിവിടെ കുറിക്കുന്നത് . മാനസികമായി വിഷമത്തിലായിരുന്നെങ്കിലും പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതായി മനസ്സിലായി അവരിൽ ശരാശരിയിൽ താഴെ മാത്രം മാർക്ക് കിട്ടുമായിരുന്ന മുബിഷറ അടുത്ത വർഷത്തെ ***SSLC*** പരീക്ഷയിൽ ***9*** വിഷയത്തിൽ ***A+*** നേടി എന്നു മാത്രമല്ല ഗണിതത്തിൽ ***100*** ൽ ***98*** മാർക്ക് വാങ്ങി അഭിമാനകരമായ വിജയം കൈവരിച്ചു.അവളുടെ മികവിന്റെ കാരണം അവൾ ഇങ്ങനെ പറയുന്നു.

'' രജിതയുടെ മരണത്തിന് മുമ്പ് വരെ ഞാൻ വിചാരിച്ചിരുന്നത് അധ്യാപകർക്ക് ഞങ്ങളോട് സ്നേഹമില്ല എന്നായിരുന്നു.അതു കൊണ്ട് പഠിക്കാനേ നോക്കാറില്ല.എന്നാൽ ആ സംഭവ ശേഷം ഞങ്ങളെ ഞങ്ങളുടെ അധ്യാപകർ സ്വന്തം മക്കളെ പോലെ സ്നേഹിക്കുന്നു എന്ന് മനസ്സിലാക്കി - പിന്നെ ഞാൻ അവരെ വിഷമിപ്പിക്കാതിരിക്കാൻ പഠനത്തിൽ കൂടുതൽ ശ്രദ്ധിച്ചു. “.

നോക്കൂ...... നാം അധ്യാപകരുടെ സ്നേഹം നമ്മുടെ കുട്ടികൾ മനസ്സിലാക്കട്ടെ - അതിലൂടെ അവർ സൽസ്വഭാവികളും മിടുക്കരും ആയി മാറും..... തീർച്ച.



**ലളിത എ.എം**


എച്ച്.എസ്.ടി ഗണിതം

# CHEMISTRY



*Characteristics of particles*
*Hymns of reactions*
*Enthusiastic observations*
*Momentary results*
*Inspired not by the speculations*
*Strategic approach to hypothesis*
*Treatment in regularity*
*Reasoning for every experiment*
*Yelling for a war free world*

*K vanaja Menon*
*HST Physical science*



# കുസാറ്റിലേക്കൊരു പഠനയാത്ര

ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 24 ന് സ്കൂളിൽ നിന്നും കുസാറ്റിലേക്ക് ഒരു പഠന യാത്ര നടത്തി. 202 കുട്ടികളും 12 അധ്യാപകരും കൂടി മൂന്ന് ബസുകളിലായി 7 മണിക്കു തന്നെ സ്കൂളിൽ നിന്നും പുറപ്പെട്ടു.പത്തരയോടെ അവിടെ എത്തിച്ചേർന്ന ഞങ്ങൾക്ക് ഊഷ്മളമായ സ്വീരണമായിരുന്നു ലഭിച്ചത് കേക്കും ചായയും തന്ന് സ്വീകരിച്ചിരുത്തി രണ്ട് വിഭാഗമായി തിരിച്ചു. പിന്നീട് യൂണിവേഴ്സിറ്റിയിലെ അധ്യാപകരും ഞങ്ങളും തമ്മിൽ പരിചയപ്പെട്ടു

പിന്നീട് 15 കുട്ടികൾ വീതമുള്ള ചെറിയ ഗ്രൂപ്പുകളായി തിരിച്ചു .ഓരോ ഗ്രൂപ്പിനും 20 മിനിട്ട് വീതം ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഹെൽത്ത് സയൻസ്, കണക്ക്. ഐ.ടി എന്നീ വിഷയങ്ങളുടെ ക്ലാസുകൾ നടത്തി. അത്യധികം വിശാലവും ആധുനീക സൗകര്യങ്ങളോടുകൂടിയതുമായ ലാബുകളിൽ വച്ച് നടത്തിയ ക്ലാസുകൾ ഞങ്ങൾക്ക് പുതിയൊരനുഭവമായിരുന്നു. പലപ്പോഴും പാഠ പുസ്തകങ്ങളിൽ മാത്രം കണ്ടു മനസ്സിലാക്കിയ ശാസ്ത്ര തത്വങ്ങൾ സ്വയം ചെയ്ത് മനസിലാക്കാൻ സാധിച്ചത് ഞങ്ങളിൽ ആഹ്ലാദത്തോടൊപ്പം അഭിമാനവും നിറച്ചു.

ഉച്ചഭക്ഷണത്തിന് ശേഷം കൃത്യം 1.30 ന് തന്നെ ക്ലാസ് പുനരാരംഭിച്ചു. വലിയ വലിയ ശാസ്ത്ര തത്വങ്ങൾ മറഞ്ഞിരിക്കുന്ന സയൻസ് പാർക്ക് ഞങ്ങൾക്ക് അമ്പരപ്പ് ഉളവാക്കുന്നവയായിരുന്നു. ഉത്തോലകങ്ങളെ ക്കുറിച്ചും പ്രകാശ പ്രതിഭാസങ്ങളെക്കുറിച്ചും ദോലനത്തെക്കുറിച്ചും ഞങ്ങൾ സ്വയം അറിഞ്ഞ് അനുഭവിച്ച് മനസ്സിലാക്കി.

യൂണിവേഴ്സിറ്റിയിലെ ഔഷധതോട്ടത്തിൽ ഞങ്ങൾ പൂത്തുമ്പികളായി പാറി പറക്കുകയായിരുന്നു. ഓരോ ഔഷധ സസ്യത്തെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കി.കൂടാതെ അവയെ പരിപാലിക്കേണ്ട വിധം ചോദിച്ച് മനസിലാക്കി. മാനവരാശിയെ ഇന്നോളം പുരോഗമനത്തിലേക്ക് നയിച്ച ശാസ്ത്ര പ്രതിഭകളുടെ ചിത്രങ്ങൾ ആലേഖനം ചെയ്തു അവരുടെ ജീവ ചരിത്ര കുറിപ്പുകൾ ഞങ്ങൾക്കൊരു പ്രചോദനമായിരുന്നു.

വൈകീട്ട് 5 മണിക്ക് ചായ സൽക്കാരത്തോടൊപ്പം ഞങ്ങളുടെ ക്ലാസുകൾ അവസാനിച്ചു അതിനോടൊപ്പം ഉണ്ടായ ചെറിയ കൂടിച്ചേരലിൽ ഞങ്ങൾക്ക് എല്ലാവർക്കും ശാസ്ത്രാഭിരുചി വളർത്തുന്നതിന് പ്രചോദനമെന്ന വിധത്തിൽ സർട്ടിഫിക്കറ്റുകൾ തന്നു.

അഞ്ചരയോടെ തിരിച്ച് ബസിൽ കയറുമ്പോൾ എല്ലാവരുടെയും മുഖത്ത് തികഞ്ഞ ചാരിതാർത്ഥ്യമായിരുന്ന' .അങ്ങിനെ അറിയാതെ പോയിരുന്ന ഒരു പാട് കാര്യങ്ങൾ ഞങ്ങൾക്ക് പഠിക്കാൻ സാധിച്ചു.

എട്ടു മണിയോടെ സ്കൂളിൽ തിരിച്ചെത്തിയപ്പോൾ ജീവിതത്തിൽ എന്നും ഓർക്കാനാഗ്രഹിക്കുന്ന ഒരു നല്ല ദിനം കാഴ്ചവച്ച അധ്യാപകർക്ക് സ്നേഹനിർഭരമായ നന്ദി ഹൃദയത്തിന്റെ ഭാഷയിൽ നൽകി.

ഫെസ്റ്റി ഫ്രാൻസിസ്

10 F



# അന്നവിചാരം




ലോക ഭക്ഷ്യദിനമാണ് ഒക്ടോബർ 16. അതിനടുത്ത ദിവസം ദാരിദ്ര്യ നിർമാർജ്ജന ദിനവും. ലോക ജനസംഖ്യ എഴുന്നൂറ്റി അമ്പത് കോടിയിലേക്ക് എത്തിനിൽക്കുന്നു. മനുഷ്യന്റെ ചിന്താശൂന്യമായ ഇടപെടലുകൾ കൊണ്ടും പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ കൊണ്ടും ഭക്ഷ്യവിഭവങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഭക്ഷ്യവിഭവങ്ങൾ വാങ്ങാനുള്ള ശേഷി എല്ലാവർക്കും ഒരുപോലെയില്ല തൽഫലമായി കുറെ അധികം പേർ പട്ടിണി അനുഭവിക്കേണ്ടി വരുന്നു.

ഭക്ഷ്യസുരക്ഷയിലും സ്വയം പര്യാപ്തതയിലും കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് പിന്നിലാണ്.നാം നിത്യോപയോഗ സാധനങ്ങൾക്ക് വേണ്ടി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

ഗുണനിലവാരമുള്ള വിദ്യാഭാസത്തോടൊപ്പം ഗുണനിലവാരമുള്ള ആഹാരവും കുട്ടികളുടെ ബുദ്ധിപരവും ശാരീരികവുമായ വളർച്ചയ്ക്ക് അനിവാര്യമാണ്.ഇത് കണക്കിലെടുത്തു കൊണ്ടാണ് വിദ്യാലയങ്ങളിൽ പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം സർക്കാർ ക്രമീകരിച്ചിരിക്കുന്നത്.ഗുണഭോക്താക്കളിൽ ഭൂരിഭാഗവും 4 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള കുട്ടികളാണ്.

നമ്മുടെ വിദ്യാലയത്തിൽ 1200 ൽ പരം വിദ്യാർത്ഥികൾ നിത്യേന സ്കൂളിൽ നിന്നും ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു.

വൃത്തിയും പോഷക സമ്പുഷ്ടവുമായ ഭക്ഷണം മികച്ച രീതിയിൽപാചകംചെയ്ത് വിതരണം ചെയ്യുന്നതിന് നാം ശ്രദ്ധിക്കുന്നു. ധാന്യങ്ങൾ, പച്ചക്കറികൾ, മുട്ട, പാൽ എന്നിവ നാം ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമീകൃതമായ പോഷകാഹാരം കുട്ടികളുടെ വളർച്ചയ്ക്കും അനിവാര്യമാണ് എന്ന ബോധത്തോടെ സ്കൂൾ പ്രധാനാദ്ധ്യാപികയും പി.ടി.എ., എസ്.എം.സി, എം.പി.ടി.എ., എൻ.എം.പി. കമ്മറ്റി അംഗങ്ങളും ഭക്ഷണകാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.



**സി ഐ ജോൺസൺ**

യു പി എസ് ടി

# കേരളവും ഗണിതശാസ്ത്രവും



ഒമ്പതാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂരിൽ സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ വാനനിരീക്ഷണ കേന്ദ്രമാണ് നക്ഷത്ര ബംഗ്ലാവ് അക്കാലത്ത് കേരളത്തിൽ ജ്യോതിശാസത്രത്തിനും ഗണിതശാസ്ത്രത്തിനും എത്രമാത്രം പ്രാധാന്യം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്നു. സൈൻ ,കൊസൈൻ എന്നിവകളുള്ള അനന്ത ശ്രേണികൾ .വൃത്ത പരിധി, ചാപം തുടങ്ങിയവ കേരളത്തിൽ കണ്ട് പിടിച്ചത് പതിനാലാം ശതകത്തിൽ ജീവിച്ചിരുന്ന സംഗമ ഗ്രാമമാധവൻ ആണ് .എന്നാൽ ഈ കണ്ട് പിടുത്തം യൂറോപ്പിൽ നടന്നത് പതിനേഴാം നൂറ്റാണ്ടിലാണ്. യന്ത്രസംഗ്രഹം യുക്തി ഭാഷാ കരണ പദ്ധതി സത് രത്നമാല മുതലായവ കേരളത്തിൽ രചിക്കപ്പെട്ട ഗണിത ശാസ്ത്ര ഗ്രന്ഥങ്ങളാണ്. അക്കാലത്ത് മറ്റ് പല രാജ്യക്കാർക്കും അറിവില്ലാതിരുന്ന അവകലനത്തെ സംബന്ധിക്കുന്ന പല കാര്യങ്ങളും ഏ.ഡി. 1530 നോടടുത്ത് ശങ്കരവർമ്മൻ രചിച്ച സത് രത്നമാലയിൽ ഉള്ളതായി പറയപ്പെടുന്നു. ഇന്ന് ഗ്രിഗറി ശേണി എന്നറിയപ്പെടുന്ന ശ്രേണിയെ പറ്റി ഇരുന്നൂറ് കൊല്ലം മുമ്പ് രചിക്കപ്പെട്ട കരണ പദ്ധതിയിൽ പറയുന്നുണ്ട്. തൃശ്ശൂർക്കാരനായ പുതുമന സോമയാജിയാണ് കരണപദ്ധതിയുടെ രചയിതാവ്. ഏ.ഡി 1639 ൽ ബ്രഹ്മദത്തനാണ് യുക്തിഭാഷ രചിച്ചത്.ഏ.ഡി 1502 ൽ നീലകണ്ഠൻ രചിച്ചതാണ് തന്ത്രസംഗ്രഹം .

ഭരത് പ്രഹ്ളാദൻ

8 J



# അമ്മുവിന്റെ സ്വപ്നം

അമ്മു ഇന്ന് രാവിലെ നേരത്തേ ഉണർന്നു .അവൾ കണ്ണുതിരുമ്മികൊണ്ട് ജനാലയുടെ അടുത്ത് വന്നു നിന്നു. പക്ഷികൾ പാറി പറക്കുന്നു.കാറ്റിൽ മരങ്ങൾ നൃത്തമാടുന്നു."ഹാ !എത്ര മനോഹരമാണ് ഈ കാഴ്ച" അവൾ പറഞ്ഞു. വേഗം തന്നെ അവൾ തന്റെ മുറ്റത്തേക്കോടി.പൂന്തോട്ടത്തിലേക്ക് നോക്കി.അവളെ ഏറെ ദു:ഖിപ്പിക്കുന്നതായിരുന്നു ആ കാഴ്ച. തോട്ടത്തിൽ ഒരു പൂവും ഇന്ന് വിടർന്നിട്ടില്ല.ഇനി എന്തു ചെയ്യും. മറ്റന്നാളാണല്ലോ ഓണം.എല്ലാവരുടേയും വീട്ടിൽ ഓണത്തിനുള്ള പൂവിടലും അലങ്കാരങ്ങളും നടക്കുകയാണ്. തന്റെ വീട്ടിൽ മാത്രം ഒന്നുമില്ല. അവൾ വിഷമിച്ചുകൊണ്ട് അമ്മയുടെ അടുത്തേക്ക് ഓടി. അവൾ പറഞ്ഞു.

"അമ്മേ നമ്മുടെ വീട്ടിൽ മാത്രമെന്താ പൂവിടാത്തെ മറ്റന്നാളാണല്ലോ ഓണം. ഇനിയെങ്ങനെയാണ് പൂവിടുക." അമ്മ പറഞ്ഞു: "അതിനെന്താ? അമ്മുമോള് വിഷമിക്കണ്ടാട്ടോ അച്ഛൻ വരുമ്പോൾ മോൾക്ക് നിറയെ പൂവാങ്ങികൊണ്ടു വരില്ലേ."അവൾ വീണ്ടും കിണുങ്ങികൊണ്ട് പറഞ്ഞു: "കടയിൽ നിന്നു വാങ്ങുന്നതിനേക്കാൾ നമ്മുടെ വീട്ടിൽ വളർത്തിയ പൂവിടുന്നതല്ലേ അമ്മേ നല്ലത്".അമ്മ അവളെ പുഞ്ചിരിയോടെ നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

പിന്നീട് രാത്രിയായപ്പോൾ അമ്മുവിന്റെ അച്ഛൻ ജോലി കഴിഞ്ഞ് വന്നു.അച്ഛൻ കുളി കഴിഞ്ഞ് ഭക്ഷണത്തിനിരിക്കുന്ന സമയത്ത് അവളുടെ അമ്മ അച്ഛനോട് പറഞ്ഞു:"മൂന്ന് വർഷമായി നമ്മുടെ തോട്ടത്തിൽ പലതരത്തിലുള്ള റോസാചെടികൾ നട്ടിട്ട് ,ഇതു വരെ ഒരു പൂവും ഉണ്ടായതായി ഞാൻ കണ്ടിട്ടില്ല. നമുക്കിനി ആ ചെടികൾ വെട്ടിയേക്കാം. അരവിന്ദേട്ടൻ എന്തു പറയുന്നു."

"ഞാനും നിന്റെടുത്ത് ഈ കാര്യം പറയാനിരിക്കുകയായിരുന്നു.എന്നാൽ നമുക്കത് നാളെ തന്നെ വെട്ടിയേക്കാം.ഓണത്തിന് പിന്നെ കടയിൽ നിന്നായാലും പൂവാങ്ങിക്കാമല്ലോ"ഇതു കേട്ട പാടെ അമ്മു പറഞ്ഞു അച്ഛാ ആ ചെടികൾ വെട്ടേണ്ടാ .ഈ കൊല്ലം അതിൽ ചിലപ്പോൾ പൂവുണ്ടായാലോ? ഒരു പക്ഷേ പൂവുണ്ടായില്ലെങ്കിലും അവയെ കൊല്ലുന്നതിന് സമമല്ലേ അച്ഛാ അവയെ വെട്ടുന്നത് ."എന്നാൽ അമ്മയും അവളുടെ ആ അഭിപ്രായത്തോട് യോജിച്ചില്ല.

അവൾ ഉറങ്ങാൻ കിടക്കുമ്പോൾ ആ ചെടികളെകുറിച്ച് മാത്രമായിരുന്നു അവളുടെ ചിന്ത.അവൾ രാവിലെ എഴുന്നേറ്റ് തന്റെ മുറ്റത്തേക്ക് നോക്കി. ആ ചെടികളില്ലെല്ലാം തന്നെ നിറയെ റോസാ പൂക്കൾ. അവൾ അത്യാധികം സന്തോഷിച്ചു.ചെടികൾക്കു ചുറ്റും അവൾ തുള്ളിച്ചാടി അമ്മ അവളെ വിളിച്ചു. അവൾ കട്ടിലിൽ നിന്നു താഴെ വീണു. എഴുന്നേറ്റു നോക്കുമ്പോൾ മുമ്പിൽ അച്ഛനും അമ്മയും സന്തോഷത്തോടെ പുഞ്ചിരിച്ചുകൊണ്ടു നിൽക്കുന്നു. അവളേറെ വിഷമിച്ചു.താൻ കണ്ടത് വെറും സ്വപ്നം മാത്രമാണ്.ഉടനെ അമ്മ അവളെ കൈപിടിച്ച് പുറത്തേക്ക് കൊണ്ടു പോയി. അച്ഛൻ തോട്ടത്തിലേക്ക് ചൂണ്ടി കാണിച്ചു.തികച്ചും വിസ്മയകരം! ചെടികളിലെല്ലാം തന്നെ മഞ്ഞയും വെള്ളയും ഓറഞ്ചും ചുവപ്പുമായ നിറയെ റോസാപ്പൂക്കൾ.സ്വപ്നത്തിൽ കണ്ട അതേ കാഴ്ച. അവൾക്ക് സന്തോഷം അടക്കാനായില്ല. അവൾ തുള്ളിച്ചാടികൊണ്ട് തോട്ടത്തിലേക്കോടി നൃത്തം ചെയ്തു. ഇതു കണ്ട് അച്ഛനും അമ്മക്കും സന്തോഷമായി.വീടിനു ചുറ്റും റോസാപ്പൂവിന്റെ സുഗന്ധം വ്യാപിച്ചു.അവൾ അന്നു തന്നെ തന്റെ മുറ്റത്ത് കളം വരച്ച് അതിൽ മനോഹരമായ പൂവിതറി.

ജിസ്ന തോമസ്
9.J

# വൃത്ത വിസ്മയം

നാം ഗണിതപഠനം നടത്തുന്നവരാണ്.ഗണിതം നമ്മുടെ ചുറ്റിലും ഉണ്ടെങ്കിലും അവ നാം ശ്രദ്ധിക്കാറില്ല. നമ്മുടെ ചുറ്റിലും ഗണിതം ഉറങ്ങിക്കിടപ്പുണ്ട്.നാം നിത്യജീവിതത്തിൽ അവ ഉപയോഗിക്കുന്നുമുണ്ട്.ഉദാഹരണമായി നമ്മുടെ വീടുകളിലെ ക്ലോക്കുകൾ അവ വൃത്താകൃതിയിലാണ് കാണപ്പെടുന്നത്.അതിലെ സൂചികൾ ചലിക്കുന്നതും വൃത്തപാതയിലാണ്.കൈകളിൽ അണിയുന്നവളകൾ,വാഹനങ്ങളുടെ ചക്രങ്ങൾ, അടുക്കളകളിൽ ഉപയോഗിക്കുന്ന പാത്രങ്ങൾഇവയെല്ലാം വൃത്താകൃതിയിലാണ് കാണപ്പെടുന്നത്. എന്തിന്,നാം സ്ഥിരം കഴിക്കുന്ന ദോശ പോലും വൃത്തത്തിലാണ്.മനുഷ്യശരീരത്തിലെ വിലമതിക്കാനാകാത്ത കണ്ണിലെ കൃഷ്ണമണിയും വൃത്താകൃതിയിലാണ്.ചുരുക്കം പറഞ്ഞാൽ നമ്മുടെ ചുറ്റിലും ഗണിതമുണ്ട്.അവയിൽ കൂടുതൽ രൂപങ്ങളും വൃത്താകൃതിയിലുള്ളവയാണ്.

എന്തുകൊണ്ടാണ് ഇവിടെ വൃത്താകൃതിയിലുള്ള രൂപങ്ങൾ കൂടുതൽ കാണപ്പെടുന്നത് ? അതിന് വൃത്തത്തിന്റെ എന്തെങ്കിലും സവിശേഷത ഗുണകരമായി വരേണ്ടേ.അതെ വൃത്തത്തിന്റെ ആ സവിശേഷതയാണ്,ചുറ്റളവ് തുല്യമായ മറ്റേതു രൂപത്തിൽ ഉൾക്കൊള്ളുന്നതിനേക്കാൾ കൂടുതൽ അളവിൽ വൃത്താകൃതിയാണെങ്കിൽ ഉൾക്കൊള്ളും. അതായത്,വൃത്തത്തിന് മറ്റു രൂപങ്ങളെ അപേക്ഷിച്ച് വിസ്തീർണം കൂടുതലാണ് ഈ സവിശേഷതയാണ് ഇന്ന് നമ്മുടെ ചുറ്റിലുമുള്ള വസ്തുക്കളെ വൃത്താകൃതിയിലേക്ക് മാറ്റാനുള്ള കാരണം. അടുക്കളയിൽ പരന്നതും അടിഭാഗം വൃത്താകൃതിയിലുമായ പാത്രങ്ങൾ ഉപയോഗിക്കുന്നതിന്റേയും,കെട്ടിടങ്ങളുടെ തൂണുകളുടെ അടിഭാഗം വൃത്താകൃതിയിൽ പണിയുന്നതിന്റേയും കാരണം, വൃത്തത്തിന്റെ ഈ വിസ്മയ സവിശേഷതയാണ്.



അനഘ സൈമൺ.സി

9 C

# നാളെ

"ഭൂമിയെ നശിപ്പിക്കുക"എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പിശാചുക്കളുടെ ഒരു യോഗം. പിശാചുക്കളുടെ നേതാവ് ഓരോ പിശാചിനോടും അഭിപ്രായം ആരാഞ്ഞു. അസുഖത്തിന്റെ പിശാച് ആദ്യം മുന്നോട്ട് വരികയും, ഭൂമിയിലുള്ളവരെയെല്ലാം അസുഖം ബാധിച്ച് നശിപ്പിക്കാം എന്ന് അഭിപ്രായപ്പെട്ടു. പക്ഷേ നേതാവിന് തൃപ്തിയായില്ല.ക്രമേണ ക്രോധം,കാമം, അസൂയ എന്നിവയുടെ പിശാചുക്കൾ അഭിപ്രായങ്ങൾ പറഞ്ഞു. അവസാനം "നാളെ"യുടെ പിശാച് എഴുന്നേറ്റ് പറഞ്ഞു.ഭൂമിയിലുള്ളവരെ ഏത് പ്രവൃത്തി ചെയ്യുമ്പോഴും നാളെ ചെയ്യാം എന്ന് തോന്നിപ്പിച്ചുകൊണ്ട് നശിപ്പിക്കാം എന്ന്.

അതുകൊണ്ട് കൂട്ടുകാരെ, ഇന്ന് ചെയ്യാനുള്ള പ്രവൃത്തികൾ ഇന്നു തന്നെ,ഇപ്പോൾ തന്നെ ചെയ്യുക.അല്ലെങ്കിൽ നമ്മെ "നാളെ" യുടെ പിശാച് പിടികൂടും.



ഗായത്രി.പി.വി

9 G

# വേദഗണിതം




വളരെ ലളിതമായി ചെയ്യാൻ സാധിക്കുന്ന പല ഗണിതക്രിയകളും വേദകാലത്ത് സങ്കീർണ്ണമായ രീതികളിലൂടെയാണ് നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. അക്കാലത്ത് ഗണിതക്രിയകൾ ഇന്നുള്ള രീതിയിൽ ചെയ്യുന്നതിന്റെ പകുതി സമയം പോലും എടുക്കാതെ എളുപ്പത്തിൽ ചെയ്തു തീർക്കാവുന്ന ഒരു രീതി ആവിഷ്കരിക്കപ്പെട്ടു. വേദകാലത്ത് രൂപപ്പെട്ടു എന്നു കരുതപ്പെടുന്ന ഈ രീതിയാണ് വേദഗണിതം. 16 ലളിത സൂത്രവാക്യങ്ങളടങ്ങിയ ഈ സമാഹാരം രചിച്ചത് പുരി ഗോവർദ്ധനമഠത്തിലെ ദിവംഗതനായ ശ്രീ ഭാരതികൃഷ്ണ തീർത്ഥജിയാണ്. 16 സൂത്രങ്ങളും 13 ഉപസൂത്രങ്ങളും അടങ്ങിയതാണ് വേദഗണിതം. വേദഗണിതം സംഖ്യകളെ മാത്രമല്ല ആധുനിക ഗണിതശാസ്ത്രസിദ്ധാന്തങ്ങളെ വരെ ലളിതമായി കൈകാര്യം ചെയ്യുന്നു. സങ്കീർണ്ണമായ പല ഗണിതപ്രശ്നങ്ങളും വേദഗണിതമുപയോഗിച്ച് നിർദ്ധാരണം ചെയ്താൽ അത് കുട്ടിക്കളി മാത്രമാണ്.

*bharathprahladhan*

# കവിതേ.....

കവിതേ വന്നു പോവരുതീ വഴി
ഇഷ്ടമില്ലാഞ്ഞിട്ടല്ല.
എടുത്തൊന്നുമ്മ തരാൻ
മനസ്സ് ഉരുകണ്ടേ ? കയ്യൊഴിയണ്ടെ?

താളം കെട്ടൊരു കുഞ്ഞിക്കരച്ചിൽ കേട്ടോ?
ഈണം ചോർന്ന് പോയൊരു പാട്ട് ?
വാതിലിൽ മുട്ടി വിളിക്കുന്നുണ്ട്
അടങ്ങാത്ത മുറുമുറുപ്പുകൾ.

അടുപ്പുകല്ലിൽ തിളക്കുന്നുണ്ട്
രോഷം കൊണ്ട് പരിപ്പും ചോറും.
അമ്മക്കല്ലിൽ കൊട്ടിയലക്കിയാരോ
വെളുപ്പിക്കുന്നുണ്ട് ആവലാതിക്കെട്ടുകൾ .

പിന്നണിയിൽ ശ്രുതി ചേർക്കുന്നുണ്ട്
മീൻകാരനും വിരുന്നുകാരനും.
വാടിയൊരിലക്കുമ്പിൾ നീട്ടുന്നുണ്ട്
പയറും വെണ്ടയും വാഴയും .

കവിതേ എത്തിനോക്കരുതെന്നെ
ഈ വഴിയിലിനിയും ........
ഇഷ്ടമില്ലാഞ്ഞിട്ടല്ല .



റെനി ജോസഫ് എം.
എച്ച് എസ് ടി ഇംഗ്ലീഷ്

# അതുൽ കണ്ട സ്വപ്നം



**ശാസ്ത്രനാടകം**

(പിന്നണി)

ഇന്ന് മനുഷ്യൻ സ്വന്തം ജീവിതശൈലി ആഡംബരമാക്കുവാൻ ജീവന്റെ നിലനിൽപ്പിന് ആധാരമായ അടിസ്ഥാന വിഭവങ്ങളെ ധൂർത്തടിക്കുകയും മലിനപ്പെടുത്തുകയും ചെയ്തു കൊണ്ടിരിക്കുന്നു. പരിസ്ഥിതി സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവ് ഉള്ളവർ ഇന്നും കുറവാണ്. പ്രകൃതിവിഭവങ്ങൾപൊതുസ്വത്താണ്.അതുകൊണ്ട് തന്നെ അവയുടെ അമിതമായ ചൂഷണം ഭൂമിയിലെ ജീവന്റെ തുടപ്പിനുതന്നെ ഭീഷണിയാണ് എന്ന മുന്നറിയിപ്പോടെ ഞങ്ങൾ തുടങ്ങുന്നു.

അതുൽ കണ്ട സ്വപ്നം.(കർട്ടൻ ഉയരുന്നു)

രംഗം -1

(സ്കൂൾ വരാന്തയിൽ തളർന്നിരിക്കുന്ന കുട്ടിയുടെ അടുത്തേക്ക് ടീച്ചർ കടന്നു വരുന്നു.)

ടീച്ചർ :എന്താ അതുൽ എന്തു പറ്റി?നീ എന്താ കളിക്കാൻ പോകാതെ ഇവിടെ തന്നെ ഇരിക്കുന്നു. എന്താ എന്താ നിനക്ക് പറ്റിയത് ?

കുട്ടി :എനിക്ക് വല്ലാത്ത തലവേദനയാ ടീച്ചറെ.(ക്ഷീണിച്ച് നിൽക്കുന്നു.)

ടീച്ചർ :ഓ കാരണം എനിക്ക് മനസിലായി,ഇന്നലെ കണക്ക് പേപ്പർ കിട്ടിയിട്ടുണ്ടാവും അല്ലേ.(കുട്ടിയുടെ നെറ്റിയിൽ തൊട്ടുനോക്കുന്നു)

കുട്ടി :അതല്ല ടീച്ചറെ ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. അതിനെപ്പറ്റി ഓർക്കുമ്പോൾ എനിക്ക് പേടിയാകുന്നു ടീച്ചറെ .അതാ ഈ തലവേദനയുടെ കാരണം.

ടീച്ചർ :എന്താടാ അങ്ങനെയൊരു സ്വപ്നം .

കുട്ടി :അത്.......അത് ഞാൻ പറയാം ടീച്ചറെ.ഓർക്കുമ്പോൾ തന്നെ പേടിയാവുന്നു........പിന്നെ ടീച്ചറെ ഞാനത് കണ്ടത് ഒരു വെളുപ്പാൻ കാലത്താ.എന്റെ മുത്തശ്ശി പറഞ്ഞിട്ടുണ്ട് വെളുപ്പാൻകാലത്ത് കണ്ട സ്വപ്നം ഫലിക്കും എന്ന്.അത് ഫലിക്കും ടീച്ചറേ. എനിക്കുറപ്പാ.

ടീച്ചർ: അവന്റെ ഒരു ഉറപ്പ്. ടാ മോനേ ഈ വെളുപ്പാൻകാലത്ത് കാണുന്ന സ്വപ്നം ഫലിക്കും എന്നു പറയുന്നതെ വെറും അന്ധവിശ്വാസങ്ങളാ. അതിനൊന്നും ശാസ്ത്രീയമായ ഒരു യുക്തിയുമില്ല. നമ്മളല്ലെ ഈ സമൂഹത്തിൽനിന്നും അന്ധവിശ്വാസങ്ങളെ തുത്തെറിയേണ്ടത്. ആ നമ്മളുതന്നെ അതിനെ പേടിച്ചാലോ. എന്താ നിന്റെ സ്വപ്നം? അതു നീ ആദ്യം പറയ്.

കുട്ടി: ഞാൻ പറയാം ടീച്ചറേ ഞാൻ പറയാം..... പക്ഷേ അതു പറയാൻ തുടങ്ങുമ്പോഴേ

എനിക്ക് വിറ വരുന്നു. (പേടിച്ച് നിൽക്കുന്നു)

ടീച്ചർ: വിറക്കുകയോ? അല്ല എന്ത് സ്വപ്നമാ നീ കണ്ടത് ? വല്ല പാമ്പിനെയോ മറ്റോ ആണോ?

കുട്ടി: അല്ല ടീച്ചറെ ഞാൻ കണ്ടത് പാമ്പിനെയൊന്നുമല്ല. ഞാൻ കണ്ടത് ഓക്സിജൻ ഇല്ലാത്ത കാലമാ.

ടീച്ചർ: ഓക്സിജൻ ഇല്ലാത്ത കാലമോ? എന്താ നീ ഈ പറയുന്നത്? നിനക്ക് ഭ്രാന്തായോ?

കുട്ടി: ടീച്ചറേ ഞാൻ പറയുന്നതു കേൾക്കൂ.....ഞാൻ കണ്ട ആ കാലത്ത് എല്ലാം യന്ത്രങ്ങളാ.

ടീച്ചർ: യന്ത്രങ്ങളോ?

കുട്ടി: അതെ ടീച്ചറേ യന്ത്രങ്ങൾ. മനുഷ്യരല്ലാത്ത എല്ലാ ജീവികളും നശിച്ചു. മരങ്ങളും ചെടികളും ഒന്നുമില്ല. മണ്ണ് കാണാനേയില്ല. എല്ലായിടത്തും ടൈൽസ് പതിപ്പിച്ചിരിക്കുന്നു.റോഡുകളടക്കം എല്ലായിടത്തും മേൽക്കൂരയുണ്ട്. അതുകൊണ്ട് രാത്രിയാണോ പകലാണോ എന്നൊന്നും തിരിച്ചറിയുന്നേയില്ല.

ടീച്ചർ: അപ്പ നിന്റെ സ്വപ്നത്തില് കാറ്റും വെളിച്ചവും ഒന്നുമില്ലേ?

കുട്ടി: ഉണ്ട് ടീച്ചറേ എപ്പോഴും കാറ്റുവീശുന്ന ഇലക്ട്രോണിക് മരങ്ങൾ, പട്ടികൾ, പൂച്ചകൾ അങ്ങനെ ഇലക്ട്രോണിക് പുഴവരെയുണ്ട്.

ടീച്ചർ: ഭയങ്കരം തന്നെ. നീ അവിടുന്നും ഇവിടുന്നും നിന്റെ സ്വപ്നം പറയാതെ. ഒന്ന് ആദ്യം തൊട്ട് പറ ഞാനൊന്ന് കേക്കട്ടടാ നിന്റെ സ്വപ്നം.

കുട്ടി: (ആലോചിച്ചുകൊണ്ട്) ഞാൻ ആദ്യം കണ്ടത് ഒരു തിരക്കു പിടിച്ച സ്ഥലമാ. സ്വന്തം ജീവൻ നിലനിർത്താനുള്ള തിരക്ക്. എല്ലാവരുടെയും കയ്യിൽ ഓക്സിജൻ സിലിണ്ടറുണ്ട്.

(കുട്ടിയും ടീച്ചറും പതിയെ രംഗം വിടുന്നു.

ഈ സമയം സ്റ്റേജിൽ മറ്റൊരു രംഗം)

## രംഗം -2

(ഓക്സിജൻ വിൽപ്പനകേന്ദ്രം. അവിടെ ക്യൂവിൽ നിൽക്കുന്നവർ തിരക്കു കൂട്ടുന്നു.)

ഓക്സിജൻ വിൽപ്പനക്കാരൻ :എന്താ അവിടെ തിക്കും തിരക്കും? ചോദിച്ചത് കേട്ടില്ലേ...എന്താ അവിടെ തിക്കും തിരക്കും?തിരക്കു കൂട്ടീട്ടു ആർക്കും സിലിണ്ടർ നേരത്തെ കിട്ടാൻ പോകുന്നില്ല.പെർമിറ്റ് കൊണ്ടുവന്ന എല്ലാവർക്കും സിലിണ്ടർ കിട്ടും.വരിയിൽ നിൽക്ക്.

(ഒരാൾ സിലിണ്ടർ വാങ്ങി പോകുന്നു.പെട്ടെന്നു ഒരു കുട്ടി വന്ന് അയാളുടെ സിലിണ്ടറിനായി കേഴുന്നു.)

കുട്ടി :എന്റെ .....എന്റെ എന്റെ പെർമിറ്റ് കാണാനില്ല.എന്റെ ....എന്റെ സിലിണ്ടർ ഇപ്പതീരും.ഞാനിപ്പ മരിക്കും.ചേട്ടാ....ചേട്ടാ ആ സിലിണ്ടർ എനിക്ക് താ എന്റെ

സിലിണ്ടർ ഇപ്പതീരും അതുകൊണ്ടാ പ്ലീസ് ...

ചേട്ടൻ :(കുട്ടിയെ തള്ളികൊണ്ട്)ഒന്ന് പോടാ ചെക്കാ നീ ആകെ ഇത്രല്ലെ ആയിട്ടുള്ളൂ

ഞങ്ങൾക്കേ ഇനിയും ജീവിക്കാനുള്ളതാ.

കുട്ടി :നിങ്ങൾ ഇത്രയും കാലം ജീവിച്ചില്ലേ .. ഇനി ഞാൻ ജീവിക്കട്ടെ

ചേട്ടൻ :പിന്നെ....ഇത്ര നേരം വരിനിന്ന് വാങ്ങിച്ചിട്ട്

കുട്ടി :ഇനി ഞാൻ എന്തു ചെയ്യും?

ഓക്സിജൻ വിൽപ്പനക്കാരൻ :മോനേ ഇതാടാ നിനക്കുള്ള സിലിണ്ടർ.നിന്നെപ്പോലെ ചുറുചുറുക്കുള്ളവരെയാണ് നമ്മുടെ നാടിന് ആവശ്യം.ആതുകൊണ്ട് നീ ജീവിക്കണം നമ്മുടെ നാടിനായി,അതിന്റെ നന്മക്കായി.

കുട്ടി : നന്ദി ചേട്ടാ നന്ദി. ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല.

ഓക്സിജൻ വിൽപ്പനക്കാരൻ :(ക്യൂവിൽ ഉള്ളവരോട്) അയ്യോ ഭക്ഷണം കഴിക്കാറായി. നിങ്ങള് പോയി രണ്ടുമണിക്ക് വാ.

ക്യൂവിൽ നിൽക്കുന്ന ഒരാൾ : പെർമിറ്റ് ഇല്ലാത്തവർക്ക് ഫ്രീയായി കൊടുക്കുന്നുണ്ടല്ലോ?

(ക്യൂവിൽ നിൽക്കുന്നവർതമ്മിൽ പരസ്പരം വഴക്കുകൂടുന്നു.)

ഒരാൾ : രണ്ടുമണി വരെ നിൽക്കണ്ടെ

മറ്റൊരാൾ : നിങ്ങളൊന്നാമത് മെയ്ക്കപ്പ് ചെയ്ത് നിന്നിട്ടല്ലേ?

(വഴക്ക് ശക്തമാവുന്നു)

വേറൊരാൾ: ഒന്നു നിർത്തുന്നുണ്ടോ നിങ്ങള്

ഒരാൾ : അതൊക്കെ പോട്ടെ പിന്നെ നിങ്ങളിന്നലത്തെ വാർത്ത കേട്ടോ(മറ്റുള്ള രണ്ടുപേരുംകൂടി ഇല്ല എന്നു പറയുന്നു)

വൻകിട രാജ്യങ്ങള് ശാസ്ത്രജ്ഞൻമാരെ ഉപയോഗിച്ച് ഓക്സിജൻ നിർമ്മിക്കുകയാണത്രേ! ഭയങ്കര പണച്ചെലവാ. അതുകൊണ്ട് നമ്മുടെ രാജ്യത്തിനൊന്നും അത് പറ്റില്ല.

മറ്റൊരാൾ : അതെന്താ?

ഒരാൾ : അത്രേം ചെലവല്ലേ?

വേറൊരാൾ: അതുകൊണ്ടാകും ഇത്രക്ഷാമം. എത്ര വിലയാ കൊടുക്കേണ്ടിവരുന്നത്.

മറ്റൊരാൾ : എന്തായാലും നമ്മുടെ ഭരണാധികാരികൾ ഓക്സിജൻ വിതരണവുമായി നന്നായി സഹകരിക്കുന്നതുകൊണ്ട് ആളുകളുടെ എണ്ണത്തിനനുസരിച്ച് ഓക്സിജൻ കിട്ടുന്നുണ്ട്.

വേറൊരാൾ: പക്ഷെ അവിടെയും ഒരു വലിയ പ്രശ്നമുണ്ട്.

മറ്റൊരാൾ : എന്തു പ്രശ്നം?

വേറൊരാൾ: ചില രാജ്യങ്ങളിലെ ആളുകളുടെ എണ്ണം പെരുപ്പിച്ച് കാട്ടി അവിടുത്തെ സർക്കാരുകൾ കൂടുതൽ ഓക്സിജനെത്തിച്ച് കൂറ്റൻ ഗോഡൗണുകൾ ഉണ്ടാക്കുകയാണ്.

ഒരാൾ :ഗോഡൗണുകളോ?

മറ്റൊരാൾ : എന്തിന്?

വേറൊരാൾ: മറിച്ച് വിൽക്കാൻ. കൂടുതൽ വിലക്ക് മറിച്ച വിൽക്കാനാണത്രേ.

ഒരാൾ : കഷ്ടം തന്നെ. ജീവൻ നിലനിർത്താൻ പാടുപെടുമ്പോഴും പണമുണ്ടാക്കാനാണ്

മനുഷ്യൻ ഇപ്പോഴും പായുന്നത്.

മറ്റൊരാൾ : മനുഷ്യൻ എന്നും അങ്ങനെ തന്നെയാ.

(രണ്ടുപേരും കൂട്ടുകാരിയും രംഗം വിടുന്നു. ടീച്ചറും കുട്ടിയും വീണ്ടും രംഗത്തേക്ക്.)

## രംഗം -3

(ടീച്ചറും കുട്ടിയും പ്രവേശിക്കുന്നു)

ടീച്ചർ: ഓ... ഇത് ഭയങ്കരം തന്നെ. പിന്നെ പിന്നെ എന്തുണ്ടായി?

കുട്ടി: പിന്നെ ടീച്ചറെ അതിലും ഭയങ്കരമായ ഒരു കാഴ്ച ഞാൻ കണ്ടു. മേൽക്കൂരയൊന്നുമില്ലാത്ത വിമാനത്താവളത്തിൽ കുറേ പേർ  വെന്തു വെന്തു മരിച്ചുകിടക്കുന്നതുകണ്ടു. ഹൊ ആ കാഴ്ച ആ കാഴ്ച എനിക്ക് ഓർക്കാൻ കൂടി വയ്യ. (കുട്ടി തളർന്ന് നിൽക്കുന്നു)

ടീച്ചർ: നീ കണ്ട സ്വപ്നം ഓക്സിജനില്ലാത്തൊരു കാലത്തെക്കുറിച്ചല്ലെ? ഓക്സിജൻ ഇല്ലെങ്കിൽ നമ്മുടെ ഓസോൺ പാളി ഇല്ലല്ലോ? അതുകൊണ്ടാ അപകടകാരികളായ രശ്മികൾ നമ്മുടെ ഭൂമിയിലേക്കിറങ്ങിവന്ന് പൊള്ളൽ ഏൽപ്പിക്കുന്നത്. പിന്നെ പിന്നെ എന്താ സംഭവിച്ചത്?

കുട്ടി: പിന്നെ ടീച്ചറെ വയസ്സായവരുടെ കാര്യമാണ് കഷ്ടം. ഒരുത്തൻ 90 വയസ്സുള്ള സ്വന്തം അമ്മയുടെ  ഓക്സിജൻ സിലിണ്ടർ ഊരിമാറ്റി. എന്നിട്ട് ആ അമ്മയെ സ്റ്റോറൂമിലിട്ട് പൂട്ടി. അയൽക്കാർ പരാതിപ്പെട്ടപ്പോഴാണ് ഈ കാര്യം ലോകം തന്നെ അറിയുന്നത്.

ടീച്ചർ: ആ അമ്മയ്ക്ക് എന്തു സംഭവിച്ചു?

കുട്ടി: ആ അമ്മ ഓക്സിജൻ കിട്ടാതെ മരിച്ചുപോയി ടീച്ചറേ.(കരയുന്നു)

ടീച്ചർ: ഹൊ..  വല്ലാത്തൊരു സ്വപ്നം തന്നെ നിന്റേത്. ബാക്കി കൂടി പറ കേൾക്കട്ടെ.

കുട്ടി:  പിന്നെ ........പിന്നെ

(ടീച്ചറും കുട്ടിയും  രംഗം വിടുന്നു.)

## രംഗം -4

(രംഗത്ത് അച്ഛനും അമ്മയും ഓക്സിജൻ കിട്ടാതെ പിടയുന്നു)

അവിടേയ്ക്ക് കുട്ടി കടന്നു വരുന്നു.

കുട്ടി: അച്ഛാ  അമ്മേ എന്താ.... എന്താ നിങ്ങൾക്കു പറ്റിയത്? നിങ്ങളുടെ ഓക്സിജൻ സിലിണ്ടർ

എവിടെ? അതുകൊണ്ട് നിങ്ങൾ എന്താ ചെയ്തേ പറയ്.

അച്ഛൻ: മോനേ ഞങ്ങൾക്ക് വയസ്സായി. ഇനി ഓക്സിജൻ സിലിണ്ടർ കിട്ടാനില്ലെന്നും പറയുന്നു. ഇനിയുള്ള ഞങ്ങളുടെ സിലിണ്ടറുകൾ നിനക്കിരിക്കട്ടെ.

അമ്മ: അതെ മോനേ ഇനി നീ ജീവിക്ക്.

കുട്ടി: വേണ്ടാ...... അത് വേണ്ടാ അച്ഛനും അമ്മയും ഇല്ലാത്ത ജീവിതം എനിക്ക് വേണ്ട.

നിങ്ങളിവിടെ നിൽക്ക്. ഞാൻ.........ഞാനിപ്പോൾ വരാം.

( അച്ഛനും അമ്മയും കൈകൾ കൂട്ടിപ്പിടിച്ച് തളർന്ന് നിൽക്കുന്നു.)

(കുട്ടി ഓക്സിജൻ സിലിണ്ടറുമായി തിരിച്ചുവരുന്നു)

കുട്ടി: ഇതാ ഇതു വെച്ചോളൂ...

( അച്ഛനും അമ്മയും ഓക്സിജൻ ശ്വസിച്ച് ആശ്വസിക്കുന്നു)

അച്ഛൻ: മോനേ നീ ഞങ്ങളുടെ ജീവൻ രക്ഷിച്ചു.

അമ്മ: മോനേ വാടാ ...വാ.. (മകനെ കെട്ടിപ്പിടിക്കുന്നു)

(അവർ മൂന്നുപേരും രംഗം വിടുന്നു)

## രംഗം -5

(ടീച്ചറും കുട്ടിയും രംഗത്തേക്ക്)

ടീച്ചർ: ഓ... ഇതു കേട്ടിട്ട് എനിക്കും പേടിയാകുന്നു. പിന്നെ..പിന്നെന്തുണ്ടായി?

കുട്ടി: (കുട്ടിയുടെ മുഖത്ത് പ്രത്യാശയുടെ പൊൻകിരണങ്ങൾ)

പിന്നെ ടീച്ചറെ ഞാൻ കണ്ടത് ഒരു വാർത്തയാ.

ടീച്ചർ: വാർത്തയോ എന്താ അത്?

കുട്ടി: അത്......

(ടീച്ചറും കുട്ടിയും പതിയെ രംഗം വിടുന്നു)

## രംഗം -6

വാർത്താ അവതാരകൻ: നമസ്കാരം പ്രധാനവാർത്തകളിലേക്ക് സ്വാഗതം.ഓക്സിജൻ സിലിണ്ടറുകൾക്കായുള്ള പരക്കം പാച്ചിലുകൾ ഇനിയില്ല. എവിടെയെല്ലാം പ്രകൃതിയുടെ ആത്മാവ് പുനസൃഷ്ടിക്കപ്പെടുന്നുവോ അവിടെയെല്ലാം ഓക്സിജൻ സിലിണ്ടറില്ലാതെ ജീവിക്കാം. മരങ്ങളും പക്ഷികളും ചെടികളുമെല്ലാം തിരിച്ചുവരവിനൊരുങ്ങുന്നു. സ്വാഭാവിക കാടുകൾ വളരുന്നതോടെ റോഡുകളിലും മറ്റും മേൽക്കൂരകൾ വേണ്ടെന്ന് ശാസ്ത്രസംഘം പറയുന്നുണ്ട്. അതോടൊപ്പം തന്നെ ഓസോൺപാളിയെ തകർക്കുന്ന ഗുണനിലവാരമില്ലാത്ത ഫ്രിഡ്ജിൽ നിന്നും പെർഫ്യൂമുകളിൽനിന്നും ഉയരുന്ന ക്ലോറോ ഫ്ലൂറോ കാർബണുകൾ നിരോധിക്കണമെന്നും അവർ ആവശ്യപ്പെട്ടു.2035 വരെയൊക്കെ ഓസോൺപാളി ഉണ്ടായിരുന്നതിനാൽ ഭൂമിയിൽ മേൽക്കൂരയുടെ ആവശ്യം ഉണ്ടായിരുന്നില്ല എന്ന വസ്തുതയും

അവർ ചൂണ്ടിക്കാണിക്കുന്നു. കൂടാതെ മൊബൈൽ ഫോണുകളിൽനിന്നും മറ്റും ഉയരുന്ന അനിയന്ത്രിതമായ ഇലക്ട്രോ മാഗ്നറ്റിക് തരംഗങ്ങൾ നിയന്ത്രിക്കുകയാണെങ്കിൽ അന്യം നിന്നുപോയ സസ്യ ജീവ ജന്തു ജാലങ്ങളുടെ പുനസൃഷ്ടിയും സാധ്യമാകും.

ഇപ്പോൾ കിട്ടിയ വാർത്ത. രാമപുരം നിവാസികൾ ഓക്സിജൻ സിലിണ്ടറിനോട് വിട പറഞ്ഞു. മേഖലയിലെ പ്രമുഖ വിദ്യാഭ്യാസസ്ഥാപനമായ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ കൂട്ടായ പ്രവർത്തനം മൂലമാണ് അവർ തങ്ങളുടെ ജീവിതത്തിലേക്ക് ഓക്സിജനെ തിരിച്ചുകൊണ്ടുവന്നത്. അധ്യാപികയായ ലത ടീച്ചറും വിദ്യാർത്ഥികളായ അതുൽ, നീന തുടങ്ങിയവരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന അനുമോദനയോഗത്തിൽ വിദ്യാർത്ഥികളേയും അധ്യാപകരേയും അനുമോദിച്ചു. പ്രകൃതി സംരക്ഷണപ്രവർത്തനങ്ങൾക്കായി ഏവരും ഇറങ്ങിത്തിരിക്കണമെന്ന് H M ഹേമലത ടീച്ചർ അഭ്യർത്ഥിച്ചു. ഇതോടെ ഈ വാർത്താബുള്ളറ്റിൻ സമാപിക്കുന്നു. നന്ദി നമസ്കാരം.

## രംഗം -7

(ടീച്ചറും കുട്ടിയും രംഗത്തേക്ക്)

കുട്ടി: ഇതാണ് ടീച്ചറെ ഞാൻ കണ്ട സ്വപ്നം.

ടീച്ചർ: ഹൊ... എന്റെ മോനെ ഇനി കുറച്ച് കാലത്തേക്ക് ഒരു സിനിമപോലും കാണേണ്ടതില്ല.

ഒരു ഉഗ്രൻ ഹോളിവുഡ് സിനിമ കണ്ട പ്രതീതി.

കുട്ടി: ടീച്ചർക്ക് തമാശ. ഞാനനുഭവിച്ച മനപ്രയാസം എനിക്കല്ലേ അറിയൂ.

ടെൻഷൻ കൊണ്ട് എന്റെ തലവേദന ഇനിയും മാറീട്ടില്ല. നമുക്ക് ശേഷം വരുന്ന തലമുറ ഇങ്ങനെ ജീവിക്കേണ്ടത് കഷ്ടം തന്നെയല്ലേ ടീച്ചറെ.

ടീച്ചർ: പൊന്നുമോനേ നമ്മുടെ എല്ലാവരുടേയും കൂട്ടായ പ്രവർത്തനം മൂലമല്ലേ നമുക്ക് ഓക്സിജനെ തിരിച്ച് കിട്ടിയത്. സ്വപ്നത്തിൽ ആണെങ്കിലും നല്ലൊരു അംഗീകാരം തന്നെയല്ലെ അത്. നീ കണ്ട സ്വപ്നം എല്ലാവർക്കും ഒരു പാഠമാകട്ടെ.

NISA G
H S T Physics



# LIFE – STYLE



Bindu.M U P S T

Busy, busy, busy
All are busy
In home, in bus and in office
Every where they're in busy.

What are you thinking ?
About this !
No, Never think about this
It's the life – style
The way of their manner.
They're flowing
with the flow of river
The river of life
They've no time
To speak,
Or just to smile
Or to please their own babies.
They've no time Even to sleep,eat
Or pray to god
All are in tension
tension for everything
But they never know
What their tension is !
They never think

They've no time
To think about this.



# വിജ്ഞാൻ സാഗർ

ഞാനും എന്റെ കൂട്ടുകാരും അദ്ധ്യാപകരും കൂടി 12-1-19 വിജ്ഞാനസാഗർ ലാബ് സന്ദർശിക്കാൻ തീരുമാനിച്ചു.ഞങ്ങൾ 2 മണിയോട് സ്കൂളിൽ നിന്നും എത്തി. കുറച്ചുകഴിഞ്ഞപ്പോൾ പോകുവാനുള്ള ട്രാവലർ എത്തി. ടീച്ചർ പേരുവിളിച്ച് ഓരോരുത്തരെ വണ്ടിയിൽ കയറ്റി. യാത്ര പകുതിയായപ്പോൾ വണ്ടിയുടെ പുറകിലെ ഡോർ അടച്ചിരുന്നില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു.വണ്ടിനിർത്തി. അത് അടച്ചു.ഞങ്ങൾ വെള്ളം വാങ്ങി.2.40 ആയപ്പോൾ ഞങ്ങൾ തൃശ്ശൂർ വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്കിലേക്ക് എത്തിച്ചേർന്നു. ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ,കൃഷി മന്ത്രി വി. എസ് സുനിൽകുമാർ,കായികമന്ത്രി എ.സി മൊയ്തീൻ, വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് എന്നിവർ ആ പരിപാടിയിൽ പങ്കെടുത്തു.ശാസ്ത്ര സാഹിത്യത്തെകുറിച്ച് ഇവർ സംസാരിക്കുന്നതോടൊപ്പം നമ്മുടെ ജില്ലാ കളക്ടർ അനുപമയും സംസാരിച്ചു. ഭൂമികറങ്ങുന്നതും സാറ്റലൈറ്റും ഭൂമിയും ഒന്നിച്ചു കറങ്ങുന്നതും കണ്ടു.ഇന്ത്യ നമ്മുടെ ശാസ്ത്രലോകത്തിൽ വളരെ മുന്നിലാണെന്ന് എനിക്ക് തോന്നി. അതുകഴിഞ്ഞ് ഞങ്ങളെ മാഷ് മ്യൂസിയത്തിലേക്ക് കൊണ്ടുപോയി. എല്ലാം കണ്ടുകഴിഞ്ഞ് പുറത്തേക്കു ഇറങ്ങി. ഞങ്ങൾ ചായയും ലഘുഭക്ഷണവും കഴിച്ചു. ഞങ്ങൾക്ക് മാഷെടുത്ത ഫോട്ടോ കാണിച്ചു തന്നു. 1 km ദൂരെയായിരുന്നു വണ്ടിനിർത്തിയിരുന്നത്.വണ്ടിയുടെ അടുത്തേക്ക് ഞങ്ങൾ വരിയായി നടന്നു. വിയ്യൂർസെൻട്രൽ ജയിലിന്റെ സമീപത്തു കൂടിയാണ് ഞങ്ങളുടെ യാത്ര. പലപല പാട്ടുകൾ ഞങ്ങൾക്ക് വളരെ സന്തോഷം നൽകി. അങ്ങനെ 6 മണിയോടെ ഞങ്ങൾ എരുമപ്പെട്ടി സ്കൂളിലേക്ക് എത്തിച്ചേർന്നു. അവിടെ നിന്ന് യാത്രവീട്ടിലേക്കു തിരിച്ചു.




അഭിജയ് പി ആർ

VIII G

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്



2012 ജൂലൈ മാസത്തിൽഎരുമപ്പെട്ടി ഹയർ സെക്കന്ററി സ്കൂളിൽ SPC യൂണിറ്റ് ആരംഭിച്ചു. വിദ്യാർത്ഥികളിൽ പൗരബോധം, റോഡ്സുരക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ,നിയമം സ്വമേധയാ അനുസരിക്കൽ, സമൂഹനന്മ തുടങ്ങിയ സദ്ഗുണങ്ങൾ തുടങ്ങിയ സദ്ഗുണങ്ങൾ വളർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് SPC പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എരുമപ്പെട്ടി യൂണിറ്റിൽ 44 പെൺ കുട്ടികളും 44 ആൺ കുട്ടികളും ഉൾപ്പെടുന്നു. സിൽവി,സുനിൽ എന്നീ അദ്ധ്യാപകർ SPC യുടെ ചാർജ് വഹിക്കുന്നു.ബുധൻ,ശനി

ദിവസങ്ങളിൽ SPC യുടെ പ്രവർത്തനങ്ങൾ നടക്കുന്നു.ബുധനാഴ്ചകളിൽ പരേഡ് പ്രാക്ടീസും ശനിയാഴ്ചകളിൽ പി.റ്റി.പരേഡ്,കരാട്ടേ,യോഗ ക്ലാസ്സുകളിൽ,വിവിധ വിഷയങ്ങളിൽ പ്രമുഖ വ്യക്തികൾ നയിക്കുന്ന ഇൻഡോർ ക്ലാസ്സുകൾ എന്നിവ നടത്തുന്നു.ഓണം,ക്രിസ്മസ് അവധിക്ക് ത്രിദിന ക്യാമ്പ് ഫീൽഡ് വിസിറ്റ് ഇവ നടത്താറുണ്ട്.SPC യുടെ പ്ലാൻ ഫണ്ട്,ജില്ല പഞ്ചായത്ത് ഫണ്ട് എന്നിവയാണ് SPC പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട് .

വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. എല്ലാവർഷവും SPC യുടെ ആദിമുഖ്യത്തിൽ ക്വിസ് മത്സരങ്ങൾ നടത്താറുണ്ട് .എരുമപ്പെട്ടി യൂണിറ്റിന് കഴിഞ്ഞ വർഷങ്ങളിൽ സമ്മാനം ലഭിച്ചിട്ടുണ്ട്.

പാഠ്യപാഠ്യേതര വിഷയങ്ങളിലും SPC കേഡറ്റുകൾ മികച്ച നിലവാരം പുലർത്തുന്നവരാണ്.A+ ഗ്രേഡുകൾ ലഭിക്കുന്ന കേഡറ്റുകളെ ജില്ലാ SPC നേതൃത്വം ആദരിക്കാറുണ്ട്.സ്കൂൾ പ്രവർത്തനങ്ങളിലും SPC കേഡറ്റുകൾ പങ്കാളിത്തം വഹിക്കുന്നു. ഇനിയും നല്ല പ്രകടനം കാഴ്ച വയ്ക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ നിർത്തുന്നു,

നമസ്കാരം.



# ശാസ്ത്ര സ്പന്ദനങ്ങൾ

കടങ്കഥകൾ

- സ്നേഹം കൊണ്ട് എന്നെ കൈവെള്ളയിൽ വയക്കല്ലേ ഞാൻ അലിഞ്ഞ് ഇല്ലാതാകും

  - ഗാലിയം
- എന്നെ കാണാൻ കഴിയില്ല തൊട്ടറിയാൻ കഴിയില്ല പക്ഷേ നിങ്ങളെ ചിരിപ്പിക്കാൻ എനിക്ക് കഴിയും

  - നൈട്രസ് ഓക്സൈഡ്
- എന്നോടടുത്താൽ നിങ്ങൾ മൂക്ക് പൊത്തും

  - ഹൈഡ്രജൻ സൾഫൈഡ്
- ലോഹമാണ് ദൃഢമല്ല ചേമ്പിലയിലെ വെള്ളം പോലെ എനിക്ക് ഒഴുകി നടക്കാം

  - മെർക്കുറി
- ഞാൻ നാക്കിൽ തൊട്ടാൽ ഉടനടി മരണം

  - സയനൈഡ്
- എന്നെ നിങ്ങൾ വെള്ളത്തിൽ വയ്ക്കണം വായുവിൽ വച്ചാൽ ഞാൻ കത്തും

  - ഫോസ്ഫറസ്
- കൈക്കൂലിക്കാരുടെ പേടിസ്വപ്നം ഞാൻ

  - ഫിനോൾ ഫ്ത്തലീൻ പൗഡർ



ഐശ്വര്യ .പി .എസ്

# NCC

എരുമപ്പെട്ടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എൻ സി സി യുടെ Tp No.2/170 ന്റെ പ്രവർത്തനങ്ങൾ 09/08/1990 ൽ ആരംഭിച്ചു. 23 Kerala Bn NCC Thrissur ന്റെ കീഴിലാണ് ഈ ട്രൂപ്പ്. കുട്ടികളിൽ ഐക്യവും അച്ചടക്കവും വളർത്തി ദേശീയബോധമുള്ളവരാക്കാനും സേവനസന്നദ്ധരായ തലമുറയായി വാർത്തെടുക്കാനും വേണ്ടി ചിട്ടയായ പഠന - പരിശീലന പദ്ധതികളുള്ള എൻ സി സി യുടെ ഒരു സബ് യൂണിറ്റ് എരുമപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂളിൽ ആരംഭിക്കുന്നതിനു വേണ്ടി നിരന്തരം പ്രയത്നിച്ച ഇവിടുത്തെ അധ്യാപക - രക്ഷാകർത്തൃസമിതിയുടെയും ഹെഡ്മാസ്റ്ററായിരുന്ന ശ്രീ എം കെ വേലായുധൻ മാസ്റ്ററിടെയും ഈ ട്രൂപ്പിലെ പ്രഥമ അസോസിയേറ്റ് എൻ സി സി ഓഫീസറായിരുന്ന് ദീർഘകാലം സേവനം അനുഷ്ഠിച്ച first officer നാരായണൻ നായരുടെയും ചിരകാല സ്വപ്നമാണ് 1990-91 അധ്യയനവർഷത്തിൽ സഫലമായത്. തുടക്കത്തിൽ 50 കുട്ടികളെയാണ് ജൂനിയർ ഡിവിഷൻ ൽ എൻറോൾ ചെയ്തത്. പിന്നീട് അത് 25 ആൺകുട്ടികളും (JD) 25 പെൺകുട്ടികളും (JW) എന്ന നിലയിൽ മാറി.



ആരംഭകാലത്ത് ഓപ്പൺയൂണിറ്റായി സീനിയർ ആൺകുട്ടികളുടെ 2 ബാച്ചുകളും എൻറോൾ ചെയ്തിരുന്നു. SD ഓപ്പൺ യൂണിറ്റ് പിന്നീട് ബറ്റാലിയൻ തന്നെ നിർത്തൽ ചെയ്തു. ഇപ്പോൾ ജൂനിയർ വിഭാഗത്തിൽ 50 ആൺകുട്ടികളും (JD) 50 പെൺകുട്ടികളും(JW)ഉൾപ്പെടെ അംഗീകൃത കാഡറ്റുകളുടെ എണ്ണം 100 ആണ്. First Officer ടി ആർ നാരായണൻ നായർ Head Master Promotion നേടി സ്ഥലം മാറിപ്പോയതിനെ തുടർന്ന് ആദ്യം ദിനേശ് പി യും തുടർന്ന് സി ജി സിൽവിയും കെയർ ടേക്കർമാരായി. എൻ സി സി പഠന പരിശീലന പദ്ധതിയുടെ ഭാഗമായി തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ഒരാഴ്ചയിൽ 6 പിരീഡ് പരേഡ് നടന്നു വരുന്നു. ബറ്റാലിയനിൽ നിന്നുള്ള പെർമനന്റ് ഇൻസ്ട്രക്ഷണൽ സ്റ്റാഫിന്റെ സേവനം പരേഡുകളിൽ ലഭിക്കുന്നുണ്ട്. ATC കൾക്കു പുറമെ NIC, RCTC തുടങ്ങിയ ക്യാമ്പുകളിൽ പങ്കെടുക്കാൻ കാഡറ്റുകൾക്ക് അവസരം ലഭിച്ചു വരുന്നു. 2 വർഷത്തെ പരിശീലനം പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് 'A' സർട്ടിഫിക്കറ്റ് നേടാനും സാധിക്കുന്നു. അതിനു പുറമെ എസ് എസ് എൽ സി പരീക്ഷയിൽ 10% വരെ ഗ്രേസ് മാർക്കിനും ഹയർസെക്കണ്ടറി പ്രവേശനത്തിന് പ്രത്യേക വെയ്റ്റേജിനും കാഡറ്റുകൾ അർഹരാകുന്നുണ്ട്. 2010 ഡിസംബർ 1 മുതൽ അസോസിയേറ്റ് എൻ സി സി ഓഫീസറായി പ്രവർത്തിക്കുന്നത് S/O ടി എം കമറുദ്ദീൻ ആണ്.



# ചിത്രശാല






















2018-9-5 15:59


2018-6-14 10:27


2019-1-4 11:28













WAR
GOOD FOR FEW
BAD FOR MOST




2019-1-21 10:57



# ലിറ്റിൽ കൈറ്റ്സ് ടീം


Kerala Infrastructure and Technology for Education
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി.ക്ലബ്ബ്
നമ്പർ LK/2018/24009
ഗവ.ഹയർസെക്കൻഡറി സ്കൂൾ, എരുമപ്പെട്ടി
പി.ഒ. എരുമപ്പെട്ടി –680 584
04885 – 262098








# ജി എച്ച് എസ് എസ് എരുമപ്പെട്ടി

## ഹൈടെക്ക് കാഴ്ചകളിലൂടെ......









31 ഹൈടെക് ക്ലാസ് മുറികളും 3 കംപ്യൂട്ടർ മുറികളും ഈ വിദ്യാലയത്തെ കൂടുതൽ സമ്പന്നമാക്കുന്നു, അദ്ധ്യയനത്തിന് പുതിയ തലങ്ങൾ നൽകുന്നു. പുതുതായി ലഭ്യമായ ഡിജിറ്റൽ ക്യാമറ കൂടി ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു....

എരുമപ്പെട്ടിയുടെ ഈ ആദ്യ ഡിജിറ്റൽ  മാഗസിൻ

ഒട്ടേറെ    പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള

ഒരു എളിയ ശ്രമമാണ്,  കൂട്ടായ്മയുടെയും...

ഒപ്പം നിന്ന എല്ലാവർക്കും നന്ദി.....

